POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ


# ബദർ
വീക്കിലി ഖാദിയാൻ

The weekly
**BADAR** Qadian
Malayalam

വാല്യം 2

ലക്കം 18

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 മെയ് 04/ഹി:ശം:1396 ഹിജ്റത്ത് 04/ഹി:ഖ: 1438 ശഅ്ബാൻ 07


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 31-03-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം3-ാംപേജിൽവായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ഭയഭക്തിയോടും മനഃസാന്നിധ്യത്തോടും കൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യഹൃദയത്തോടെ പൂർത്തിയാക്കുവിൻ. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായിക്കഴിഞ്ഞിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ.**

**നിങ്ങൾ അല്ലാഹുവിന്റെ അവസാനത്തെ ജമാഅത്താണ്.**
**അതുകൊണ്ട് പരിപൂർണമായ പദവിയിലുള്ള സൽക്കർമങ്ങൾ കാഴ്ച വെക്കുവിൻ.**

**നിങ്ങളുടെ ദൈവം യഥാർഥത്തിൽ നിലവിലുണ്ടെന്ന് വളരെ സന്തോഷത്തോടെ ഞാൻ അറിയിക്കുകയാണ്. സർവ്വതും അവന്റെ സൃഷ്ടികളാണെങ്കിലും അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവന് ബഹുമാനം കൊടുക്കുന്നവന് അവനും ബഹുമാനം കൊടുക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"എന്റെ ജമാഅത്തിൽപ്പെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ! ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ ഉപരിലോകത്ത് നിങ്ങൾ എന്റെ ജമാഅത്തിൽപ്പെട്ടവരായി ഗണിക്കപ്പെടുകയുള്ളു. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ഭയഭക്തിയോടും മനഃസാന്നിധ്യത്തോടും കൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യഹൃദയത്തോടെ പൂർത്തിയാക്കുവിൻ. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായിക്കഴിഞ്ഞിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോട് ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ, അതിനോടു വെറുപ്പ് തോന്നുംവിധം കൈവെടിയുകയും ചെയ്യുവിൻ. ഭക്തി ശൂന്യമായ ഒരു കർമവും ദൈവത്തോളമെത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് തഖ്‌വാ അഥവാ ദൈവഭക്തിയാകുന്നു. ഈ വേര് നഷ്ടപ്പെടാത്ത കർമം നശിച്ചുപോകുന്നതല്ല. പണ്ട് സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ നിങ്ങളും പലവിധ കഷ്ടപ്പാടുകളാലും പ്രതികൂല സാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ കാലിടറിപ്പോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. ആകാശവുമായി നിങ്ങൾക്ക് അടുത്ത ബന്ധമുണ്ടെങ്കിൽ നിങ്ങൾക്കൊരു ദോഷവും വരുത്താൻ ഭൂമിക്കാവില്ല. നിങ്ങൾക്ക് വല്ല നഷ്ടവും ഏല്ക്കുന്നുവെങ്കിൽ അത് നിങ്ങളുടെ തന്നെ കൈകൾ കൊണ്ടായിരിക്കും. ശത്രുക്കളുടെ കൈകൾ കൊണ്ടായിരിക്കുകയില്ല. നിങ്ങളുടെ എല്ലാ അന്തസുകളും നഷ്ടമായിക്കൊണ്ടിരുന്നാലും ശാശ്വതമായ കീർത്തി നിങ്ങൾക്ക് സ്വർഗലോകത്ത് അല്ലാഹു നല്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ അവനെ ഉപേക്ഷിക്കരുത്. നിങ്ങൾക്ക് പലതരം വിഷമങ്ങൾ സഹിക്കേണ്ടിവരികയും നിങ്ങളുടെ ഒരുപാട് പ്രതീക്ഷകൾക്ക് ഭാഗ്യം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്താലും നിങ്ങൾ ദുഃഖിക്കാതിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദൈവം അവന്റെ മാർഗത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുന്നവരാണോ, എന്നു പരീക്ഷിക്കുകയാണ്. ഉപരിലോകത്ത് മലക്കുകളാൽ ബഹുമാനിക്കപ്പെടണമെന്ന് നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ മർദിക്കപ്പെടുമ്പോഴും ആഹ്ലാദം കൊള്ളുവിൻ. ശകാരവാക്കുകൾ കേൾക്കുമ്പോൾ നന്ദിയുള്ളവരായിരിക്കുവിൻ. പരാജയങ്ങൾ കാണുമ്പോൾ ബന്ധം വിച്ഛേദിക്കാതിരിക്കുവിൻ. നിങ്ങൾ അല്ലാഹുവിന്റെ അവസാനത്തെ ജമാഅത്താണ്. അതുകൊണ്ട് പരിപൂർണമായ പദവിയിലുള്ള സൽക്കർമങ്ങൾ കാഴ്ച വെക്കുവിൻ. നിങ്ങളിൽ മടിയന്മാരാകുന്ന ഓരോരുത്തരും വൃത്തികെട്ട വസ്തുവിനെ പോലെ ജമാഅത്തിൽനിന്ന് പുറത്തെറിയപ്പെടുകയും നിരാശരായി മരിക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ദൈവത്തിന് ഒരു ചേതവും വരുത്തുകയില്ല. നോക്കൂ! നിങ്ങളുടെ ദൈവം യഥാർഥത്തിൽ നിലവിലുണ്ടെന്ന് വളരെ സന്തോഷത്തോടെ ഞാൻ അറിയിക്കുകയാണ്. സർവ്വതും അവന്റെ സൃഷ്ടികളാണെങ്കിലും അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവന് ബഹുമാനം കൊടുക്കുന്നവന് അവനും ബഹുമാനം കൊടുക്കുന്നു. അവൻ നിങ്ങളെ സ്വീകരിക്കുന്നതിന് നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങൾ ഋജുവാക്കിയും നാവുകളും കണ്ണുകളും ചെവികളും പരിശുദ്ധമാക്കിയും അവനിലേക്ക് വരിക.

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്നത് ഇതാണ്:അതായത് അല്ലാഹു ഏകനാകുന്നു. മുഹമ്മദു(സ) അവന്റെ നബിയും ഖാത്തമുൽ അമ്പിയാവും എല്ലാവരെക്കാളും ശ്രേഷ്ഠനുമാകുന്നു. പ്രതിച്ഛായയായ രൂപത്തിൽ മുഹമ്മദിയ്യത്തിന്റെ പുതപ്പ് പുതപ്പിക്കപ്പെട്ട നബിയല്ലാതെ മറ്റൊരു നബിയും അദ്ദേഹത്തിനുശേഷമില്ല. എന്തുകൊണ്ടെന്നാൽ ഭൃത്യൻ തന്റെ യജമാനനിൽനിന്ന് വേർപെട്ടവനല്ല. ശാഖ അതിന്റെ തായ്ത്തടിയിൽനിന്ന് വേർപ്പെട്ടതുമല്ല. അതുകൊണ്ട് തന്റെ യജമാനനിൽ പരിപൂർണമായി ലയിച്ചത് നിമിത്തം അല്ലാഹുവിൽനിന്ന് നബി എന്ന പട്ടം ലഭിക്കുന്ന ഒരാൾ ഖതമുന്നുബുവ്വത്ത് എന്ന മഹത്തായ പദവിക്ക് ഒരു കോട്ടവും വരുത്തുന്നില്ല. നിങ്ങൾ കണ്ണാടിയിൽ നിങ്ങളുടെ പ്രതിരൂപം കാണുമ്പോൾ പ്രത്യക്ഷത്തിൽ രണ്ടായി കാണപ്പെടുന്നുണ്ടെങ്കിലും നിങ്ങൾ രണ്ടാകുന്നില്ല. ഒന്നുതന്നെയായിരിക്കും. മൂലവും(രൂപവും) പ്രതിരൂപവും തമ്മിലുള്ള വ്യത്യാസം മാത്രമേയുള്ളു. അതുപോലെതന്നെയാണ് അല്ലാഹു വാഗ്ദത്ത മസീഹിന്റെ കാര്യത്തിലും ഇച്ഛിക്കുന്നത്. വാഗ്ദത്ത മസീഹ് തന്റെ ഖബ്റിൽ മറയടക്കപ്പെടുമെന്ന് ഹദ്റത്ത് നബി(സ)തിരുമേനി അരുൾ ചെയ്തതിന്റെ രഹസ്യവും ഇതുതന്നെയാണ്. അത് ഞാൻ തന്നെയാകുന്നു. ഇതിൽ ദ്വിവിധത്വം വരുന്നില്ല. ഈസബ്നു മർയം മരിച്ചുപോയിരിക്കുന്നുവെന്ന് നിങ്ങൾ ദൃഢമായും വിശ്വസിക്കുക. കശ്മീരിൽ ശ്രീനഗറിലുള്ള ഖാൻയാർ തെരുവിൽ അദ്ദേഹത്തിന്റെ ഖബ്റുണ്ട്. അല്ലാഹൂ തന്റെ പ്രിയപ്പെട്ട ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ മരണവാർത്ത നല്കിയിരിക്കുന്നു."

(കശ്തിയെ നൂഹ് റൂഹാനീ ഖസായിൻ വാല്യം 19 പേജ് 15)

## 123-ാമത് ജൽസസാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ് ***(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# കൊല്ലം ജില്ല മജ്‌ലിസ് അൻസ്വാറുല്ലാഹ് വാർഷിക ഇജ്തിമായിൽ ഭാരത സദ്റിന്റെ സന്ദേശം

എന്റെ പ്രിയപ്പെട്ട കൊല്ലം ജില്ല
മജ്‌ലിസ് അൻസ്വാറുല്ലാഹ് സഹോദരങ്ങളേ!
അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ

കൊല്ലം ജില്ല മജ്‌ലിസ് അൻസ്വാറുല്ലാഹ് തങ്ങളുടെ വാർഷിക ഇജ്തിമാ 2017 ഏപ്രിൽ 30 ന് സംഘടിപ്പിക്കുന്നുവെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അൽഹംദു ലില്ലാഹി അലാ ദാലിക്. അല്ലാഹു ഈ ഇജ്തിമാ എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ. കൊല്ലം ജില്ലയിലെ മജ്‌ലിസ് അൻസ്വാറുല്ലാ അംഗങ്ങളുടെ അസാധാരണമായ ഉണർവിന് കാരണമാക്കട്ടെ. ആമീൻ.

എന്റെ പ്രിയപ്പെട്ട മജ്‌ലിസ് അൻസ്വാറുല്ലാ അംഗങ്ങളേ!അല്ലാഹു നമുക്ക് കാലത്തിന്റെ ദൈവനിയോഗിതനായ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തിരിച്ചറിയാനുള്ള സൗഭാഗ്യം നല്കിക്കൊണ്ട് 'മിൻഹാജുന്നുബുവ്വത്തിൽ' (അതായത് നുബുവ്വത്തിന്റെ തെളിഞ്ഞ മാർഗത്തിൽ) നിലകൊള്ളുന്ന ആ മഹാത്മാവിന്റെ ജമാഅത്തിൽ ചേരാനുള്ള തൗഫീഖ് പ്രദാനം ചെയ്തു. ഇതൊരു വളരെ വലിയ ദൈവകൃപയാണ്. ഇതിന് എത്രത്തോളം നന്ദി കാണിച്ചാലും കുറവായിരിക്കും.

ഈ ജമാഅത്ത് വാസ്തവത്തിൽ ഒരു കപ്പലാണ്. ഇതിൽ യാത്ര ചെയ്ത് മനുഷ്യന് സത്യഭ്രംശത്തിന്റേയും വഴികേടിന്റേയും പ്രളയത്തിൽനിന്ന് തന്നെ സുരക്ഷിതമാക്കി വെക്കാൻ കഴിയുന്നതാണ്. ദൈവകൃപയാൽ മുഴുലോകത്തിലേയും സൗഭാഗ്യരായ ആളുകൾ ഇതിൽ യാത്ര ചെയ്യുകയാണ്. ഇവരുടെ എണ്ണം നിത്യേന വർധിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ വ്യക്തമായ കല്പനയനുസരിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ വാഗ്ദത്ത മസീഹ് മുഖേനയാണ് ഈ കപ്പൽ തയ്യാറാക്കപ്പെട്ടിരിക്കുന്നത്. *വസ്നഇൽ ഫുൽക്ക ബി അഅ്യുനിനാ വ വഹ്യിനാ* എന്ന ദൈവിക വെളിപാടുപോലെ! എന്റെ വെളിപാട് അനുസരിച്ച് എന്റെ കൺമുമ്പിൽ ഈ കപ്പൽ നിർമിക്കുക. അൽഹംദുലില്ലാഹ് നമ്മളെല്ലാവരും ഈ ആത്മീയ കപ്പലിൽ യാത്ര ചെയ്യുകയാണ്. അല്ലാഹു നമ്മളെല്ലാവരേയും സത്യഭ്രംശത്തിന്റെ പ്രളയത്തിൽനിന്ന് കാത്തുരക്ഷിക്കുമാറാകട്ടെ. ഈ ദൈവിക ജമാഅത്തിൽ ചേർന്നതിന്റെ ഫലമായി നമ്മളിൽ അർപിതമായിരിക്കുന്ന ചുമതലകൾ ഭംഗിയായി നിറവേറ്റാൻ സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹു നമ്മളിൽ എല്ലാ ഓരോരുത്തർക്കും കാലത്തിന്റെ ദൈവനിയോഗിതന്റെ ജമാഅത്തുമായി ബന്ധപ്പെട്ട ആത്മാർഥരായവർക്കുവേണ്ടി പ്രതാപവാനായ അല്ലാഹുവിൽനിന്ന് ലോകാരംഭമുതൽ വിധിക്കപ്പെട്ടിട്ടുള്ള കൃപാദാനങ്ങളിൽനിന്നും അനുഗ്രഹങ്ങളിൽനിന്നും കൂടുതൽ ഭാഗം തന്നരുളുമാറാകട്ടെ.

പ്രിയപ്പെട്ട അംഗങ്ങളേ! ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിന്റെ ഫലമായി നമുക്ക് ലഭിച്ചിരിക്കുന്ന മഹത്തായ അനുഗ്രഹങ്ങളിൽ ഏറ്റവും ഉത്തമമായത് ഖിലാഫത്തിന്റെ അനുഗ്രഹമാണ്. ഖിലാഫത്ത് വ്യവസ്ഥിതിയുടെ തണലിൽ മുഴുലോകത്തും നടന്നു വരുന്ന ജമാഅത്ത് വ്യവസ്ഥിതിയാണത്. ഇതിന് ഓരോ നിമിഷവും ദൈവസഹായം ലഭിക്കുന്നുണ്ട്. ഇതൊരു ദൈവികപാശമാണ്. ഇതിന്റെ ഒരറ്റം കാലത്തിന്റെ ഖലീഫയുടെ കൈയിലാണുള്ളത്. മറ്റേ അറ്റം സർവശക്തനായ അല്ലാഹുവിന്റെ കൈയിലും! അതായത് അല്ലാഹുവിന്റെ കൃപാദാനങ്ങളും അനുഗ്രഹങ്ങളും ആ ദൈവിക പാശം മുഖേന കാലത്തിന്റെ ഖലീഫവരേയും പിന്നീട് ഖിലാഫത്തിന്റെ ഡർബാറിൽനിന്ന് മുഴു അഹ്മദിയ്യാ ലോകത്തും ഇടതടവില്ലാതെ ഒഴുകിക്കൊണ്ടിരിക്കുന്നു. ഭൂമിലോകത്ത് ജീവനുള്ള ഹയ്യും ഖയ്യൂമുമായ അല്ലാഹുമായി ജീവസുറ്റ ബന്ധത്തിന്റെ ഫലമായി മതപരവും ഭൗതികവും ആത്മീയവുമായ എല്ലാ തരത്തിലുള്ള അസ്തമിക്കാത്ത അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്ന നമ്മുടെ ജമാഅത്തിന്റെ മഹത്തായ പ്രത്യേകതയാണിത്. ഈ പ്രത്യേകതയുടെ ഫലമായി ഇന്ന് അഹ്മദിയ്യാ ജമാഅത്ത് പരസ്പര സ്നേഹത്തിന്റേയും സഹതാപത്തിന്റേയും സാഹോദര്യത്തിന്റേയും ബന്ധുത്വത്തിന്റേയും അടിസ്ഥാനത്തിൽ ഏക ജമാഅത്തായി കഴിഞ്ഞിരിക്കുന്നു. എല്ലാതരത്തിലുള്ള പകകൾക്കും അസൂയകൾക്കും വിദ്വേഷങ്ങൾക്കും കപടതകൾക്കുമതീതമായി ഏകശരീരത്തിന്റെ മാതൃക അത് സമർപിച്ചുകൊണ്ടിരിക്കുന്നു. അവർ ഈയമുരുക്കി ഒഴിച്ച് നിർമിച്ച ഭിത്തിപോലെ പരസ്പരം അഭിപ്രായ ഐക്യമുള്ളവരും ഏകോപിച്ചവരുമാണ്. ശത്രുവിന്റെ ഒരു ആക്രമണത്തിനും കയ്യേറ്റത്തിനും ഈ സുശക്തമായ ഭിത്തിക്ക് പോറലേൽപിക്കാൻ കഴിയുകയില്ല. അതിനാൽ ദൈവനിയോഗിതന്റെ ജമാഅത്തുമായി ബന്ധപ്പെട്ടിട്ടുള്ള ഈ പ്രത്യേകത നമ്മൾ എപ്പോഴും നിലനിറുത്തേണ്ടതാണ്.

**എന്റെ പ്രിയപ്പെട്ട അൻസ്വാർ സഹോദരന്മാരേ!**

നമ്മളിലുള്ള ഓരോരുത്തരും നമ്മുടെ മഹത്ത്വവും പ്രാധാന്യവും മനസ്സാലാക്കിക്കൊണ്ട് തികവാർന്ന നിലയിൽ മജ്‌ലിസിന്റെ സ്ഥാപനോദ്ദേശ്യങ്ങളുടെ സമ്പൂർത്തീകരണത്തിന് കഠിനപ്രയത്നം ചെയ്യുന്നതിനുവേണ്ടി, ഞാൻ ഈ അവസരത്തിൽ അൻസ്വാറുല്ലാ സംഘടനയുടെ സ്ഥാപകരായ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ചില നിർദേശങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധതിരിക്കാൻ ആഗ്രഹിക്കുകയാണ്.

അൻസ്വാറുല്ലാഹ് സംഘടനയുടെ ഉദ്ദേശ്യം, ജമാഅത്തിൽ ഉണർവ്വുണ്ടാക്കുക എന്നതാണ്. ഇതു സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) 1943 ഒക്ടോബർ 22ന് നിർവഹിച്ച ജുമുഅ ഖുത്ബയിൽ പറഞ്ഞു: 'മജ്‌ലിസ് അൻസ്വാറുല്ലായുടെമേൽ വളരെ വലിയ ഉത്തരവാദിത്വമാണുള്ളതെന്ന് ഞാൻ മനസ്സിലാക്കുന്നു. അവർ തങ്ങളുടെ ജീവിതത്തിന്റെ അവസാന ഭാഗത്തൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. മനുഷ്യൻ ഇഹലോകം വെടിഞ്ഞ് പരലോകത്തേക്ക് പോകാനുള്ള ചിന്തയിലാകുന്ന അന്തിമ ഭാഗമാണിത്.....തങ്ങളിൽനിന്ന് വീഴ്ചകളുണ്ടായാൽ അൻസ്വാറുല്ലാഹ് ആ ജോലി ശരിയാക്കുമെന്ന് ഖുദ്ദാമിന് ചിന്തിക്കാൻ വകയുണ്ട്. എന്നാൽ, അൻസ്വാറുല്ലായ്ക്ക് എന്തിനെയാണ് ആശ്രയിക്കാൻ കഴിയുക. അവർ തങ്ങളുടെ നിർബന്ധമായ കടമകളിൽ വീഴ്ചവരുത്തുകയും ദീനിനോടുള്ള സ്നേഹം തങ്ങളിലും പിന്നീട് മുഴുലോകത്തിന്റേയും മനസ്സുകളിൽ ഉ≠ാക്കുന്നതിലും പരാജയപ്പെടുകയും അഹ്ദിയ്യത്തിന്റെ പ്രചാരണം തങ്ങളുടെ പ്രഥമ ഉദ്ദേശ്യമായി നിശ്ചയിക്കാതിരിക്കുകയും ഇസ്ലാമിനെ വീണ്ടും ലോകത്ത് ജീവിപ്പിക്കണമെന്ന യാഥാർഥ്യത്തിൽനിന്ന് പിന്മാറുകയും ചെയ്യുകയാണെങ്കിൽ അൻസ്വാറുല്ലായുടെ പ്രായം കഴിഞ്ഞാൽ ഏതു പ്രായത്തിലാണ് അവർക്ക് ഈ ജോലി ചെയ്യാൻ കഴിയുക."(അൽഫള്ൽ 1943 നവംബർ 17 പേജ് 6)

**നിർബന്ധ കടമകൾ നിറവേറ്റുന്നതിൽ ഉന്മാദപരമായ പരിശ്രമം:**

പിന്നീട് ഖലീഫത്തുൽമസീഹ് ഥാനീ(റ)അൻസ്വാറിനോടു തങ്ങളുടെ കടമകൾ നിർവഹിക്കുന്നതിന് ഉന്മാദപരമായ പരിശ്രമം നിർദേശിച്ചുകൊണ്ട് പറഞ്ഞു: 'മുഴുലോകത്തേയും പരിഷ്കരിക്കണമെന്ന ചുമതലയാണ് നമ്മുടെ ജമാഅത്തിനെ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ജോലി. സകല ലോകത്തേയും അല്ലാഹുവിന്റെ തിരുസന്നിധയിൽ കുമ്പിടുവിപ്പിക്കണം. സർവലോകത്തേയും ഇസ്ലാം-അഹ്മദിയ്യത്തിൽ പ്രവേശിപ്പിക്കണം. എല്ലാ ലോകത്തും അല്ലാഹുവിന്റെ രാജാധിപത്യം സ്ഥാപിക്കണം..... ലോകത്ത് ഇസ്ലാം-അഹ്മദിയ്യത്തിനെ സ്ഥാപിക്കണമെന്ന ഉദ്ദേശ്യത്തിനായി നമ്മളെല്ലാവരും ഒത്തൊരുമിച്ച് ജോലി ചെയ്യുമ്പോഴാണ് ഇതു സാധ്യമാകുന്നത്. ഒരു ഭ്രാന്തൻ എല്ലാ ലോകത്തുനിന്നും ശ്രദ്ധ മാറ്റി കേവലം ഒരു ജോലിയിൽ മുഴുകുന്നതുപോലെ രാവും പകലും അതിൽ വ്യാപൃതരാകുക. അവൻ തന്റെ ഭാര്യയെ മറക്കുന്നു. അവൻ തന്റെ കുട്ടികളെ മറക്കുന്നു. അവൻ തന്റെ സ്നേഹിതന്മാരെ മറക്കുന്നു. അവൻ തന്റെ രക്തബന്ധുക്കളെ മറക്കുന്നു. കേവലം ഒരു ഉദ്ദേശ്യവും ഒരേയൊരു ജോലിയും തന്റെ മുമ്പിൽ വെക്കുന്നു. നമ്മൾ ഈ ഉന്മാദാവസ്ഥ നമ്മുടെ ഉള്ളിൽ ഉണ്ടാക്കുകയും ജമാഅത്തിലെ ഓരോ അംഗവും രാവും പകലും ഈ ഉദ്ദേശ്യം തങ്ങളുടെ മുമ്പിൽ വെക്കുകയുമാണെങ്കിൽ തീർച്ചയായും അല്ലാഹു നമ്മുടെ ജമാഅത്തിന്റെ ജോലികളിൽ അനുഗ്രഹം ചൊരിയുകയും പരിശ്രമങ്ങൾക്ക് അത്ഭുതകരമായ ഫലങ്ങളുണ്ടാക്കാൻ തുടങ്ങുകയും ചെയ്യുന്നതായിരിക്കും.....'(താരീഖെ അൻസ്വാറുല്ലാഹ് വാല്യം 1 പേജ് 73-74)

**മഹത്തായ വിപ്ലവം:**

"നമ്മുടെ മുഴുവൻ ജമാഅത്തും ഇസ്ലാം-അഹ്മദിയ്യത്തിന്റെ പ്രചാരണത്തിനായി എഴുന്നേറ്റുനില്ക്കുകയും രാവും പകലും ഈ ജോലിയിൽ മുഴുകുകയും തങ്ങളുടെ വിശ്രമങ്ങൾ അവഗണിക്കുകയും തങ്ങളുടെ സൗകര്യങ്ങളെയെല്ലാം പിമ്പുറം തള്ളിക്കളയുകയും ഉന്മാദരായിക്കൊണ്ട് ഈ ജോലിയിൽ വ്യാപൃതരാകുകയും ചെയ്താൽ നമ്മുടെ അംഗസംഖ്യ കുറവാണെങ്കിലും നമ്മുടെ കൈയിൽ മറ്റു ജനതകളെ നേരിടുന്നതിന് സാധനസാമഗ്രികൾ വളരെ വിരളമാണെങ്കിലും തീർച്ചയായും ഈ ഉന്മാദലഹരിയിലുള്ള പരിശ്രമങ്ങളുടെ ഫലമായി ലോകത്ത് ഒരു മഹത്തായ വിപ്ലവംപ്രത്യക്ഷപ്പെടുന്നതായിരിക്കും. ഒരു വളരെ വലിയ വിപ്ലവം ദൈവഹസ്തങ്ങളാൽ പ്രകടമാകുന്നതായിരിക്കും."

**പ്രിയമുള്ള അൻസ്വാർ സഹോദരങ്ങളേ!**

ഈ വാഗ്ദത്ത വിപ്ലവത്തെ ഏറ്റവും അടുത്തുകൊണ്ടുവരുന്നതിനുവേണ്ടി നമ്മളെന്താണ് ചെയ്യേണ്ടത്? നമ്മളിൽ ഓരോരുത്തരും അവരവരിൽ ഒരു മാറ്റം ഉണ്ടാക്കേണ്ടതായിവരും. നമ്മളിലുണ്ടാകുന്ന വിപ്ലവം വിശാലത കൈക്കൊണ്ട് ദേശീയവും മതപരവുമായ വിപ്ലവത്തിന് നിമിത്തമായിത്തീരുന്നതിന് നമ്മുടെ ഉള്ളിൽ ദൈവസാമീപ്യത്തിന്റെ അടിസ്ഥാനത്തിൽ, സ്വാത്മപരിത്യാഗത്തിന്റേയും(സുഹ്ദ്) ഈശ്വരഭക്തിയുടേയും(തഖ്‌വാ)അടിസ്ഥാനത്തിൽ, അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു വിപ്ലവം സൃഷ്ടിക്കേണ്ടതായി വരും. അൻസ്വാറുല്ലാഹ് അംഗങ്ങൾ ഈ രീതിയിൽ ശിക്ഷണപരമായ നിലവാരത്തെ ഉയർത്തുകയാണെങ്കിൽ തീർച്ചയായും പൊതുവായനിലയിൽ മജ്‌ലിസിന്റെ നിലവാരവും ഉയരുന്നതാണ്.

ദുആ ചെയ്യുകയാണ്. അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ ചുമതലകൾ പൂർണമായും നിർവഹിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഇസ്ലാം-അഹ്മദിയ്യത്തിന്റെ ആഗോള വാഗ്ദത്ത വിജയം നമ്മൾ നമ്മുടെ സ്വന്തം കണ്ണുകൊണ്ട് കാണാൻ അൻസ്വാറുല്ലാഹ് അവരുടെ ഹൃദയഹാരിയായ പേരുപോലെതന്നെ യഥാർഥത്തിൽ അല്ലാഹുവിന്റെ സഹായികളായിത്തീരട്ടെ.

*വ ആഖിറു ദഅ്‌വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ,*

നിങ്ങളുടെ സഹോദരൻ,
മജ്‌ലിസ് അൻസ്വാറുല്ലായുടെ നിസാര സേവകൻ,
വിനീതൻ,
(സയ്നുദ്ദീൻ ഹാമിദ്)

# ഖുത്ബ ജുമുഅ

**എല്ലാ ന്യൂനതകളിൽനിന്നും എല്ലാ വിധത്തിലും പരിശുദ്ധരായിട്ടുള്ള ഒരു മനുഷ്യനും ലോകത്തില്ല. അല്ലാഹുവിന്റെ വിശേഷഗുണമാണ് 'സത്താർ' അഥവാ ന്യൂനതകൾ മറച്ചുവെക്കുന്നവൻ എന്നത്. അവൻ നമ്മുടെ എല്ലാ കുറവുകളും മറച്ചു വെക്കുന്നു. മനുഷ്യന്റെ തെറ്റുകളേയും വീഴ്ചകളേയും പാപങ്ങളേയും അല്ലാഹു വെളിച്ചത്തുകൊണ്ടുവന്നാൽ ആർക്കും മുഖം കാണിക്കാൻ മനുഷ്യൻ അർഹനായിരിക്കുകയില്ല. അല്ലാഹു 'സത്താറുൽ ഉയൂബും' 'ഗഫ്ഫാറുദ്ദുനൂബുമാണ്.' അതായത് ന്യൂനതകൾ മറച്ചുവെക്കുന്നവനും പാപങ്ങൾ പൊറുത്തുകൊടുക്കുന്നവനുമാണ്. നമ്മളോടു ഔദാര്യം ചെയ്തുകൊണ്ട് അവൻ നമുക്ക് ഈ ദുആയും പഠിപ്പിച്ചുതന്നു:"നിങ്ങൾ നിങ്ങളുടെ തെറ്റുകളിൽനിന്നും വീഴ്ചകളിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും 'ഇസ്തിഗ്ഫാർ' ചെയ്തുകൊണ്ടിരിക്കുകയുമാണെങ്കിൽ ഞാൻ നിങ്ങളുടെ പാപങ്ങൾ മാപ്പാക്കിത്തരുന്നതാണ്. നിങ്ങളുടെ ന്യൂനതകൾ മറച്ചു വെക്കുന്നതും നിങ്ങളുടെ ദുആകൾ സ്വീകരിക്കുന്നതുമാണ്.**

**ന്യൂനത കണ്ടിട്ട് അത് പരത്തുന്നതിന് പകരം എല്ലാ ഓരോരുത്തരും 'ഇസ്തിഗ്ഫാർ' ചെയ്യേണ്ടതാണ്. അല്ലാഹു നിരാശ്രയനാണ്. നമ്മുടെ ഉള്ളിൽ കുടിയിരിക്കുന്ന അസംഖ്യം ന്യൂനതകൾ വെളിച്ചത്താകുമോ എന്ന് ഭയപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്. സദുദ്ദേശ്യത്തോടുകൂടി മനുഷ്യൻ മറ്റുള്ളവരുടെ ന്യൂനതകൾ മറച്ചുവെക്കുന്നതായാൽ അല്ലാഹുവിന്റെ കൃപകൾ കരസ്ഥമാക്കുന്നവനായിത്തീരുന്നതാണ്.**

**ഇന്ന ഔദ്യോഗിക ഭാരവാഹി കാരണത്താൽ തന്റെ ന്യൂനത വെളിപ്പെടുകയും പ്രചരിക്കുകയും ജനങ്ങൾ അതറിയുകയും ചെയ്തുവെന്ന് ഒരു ജമാഅത്തംഗത്തിനും തോന്നാൻ പാടില്ല. ഈ തോന്നലുണ്ടായാൽ അതിന്റെ പ്രതികരണം വളരെ കഠിനമായിരിക്കും. പരിഷ്കരണജോലി ഏല്പിച്ചിട്ടുള്ള ആളുകൾ ജനങ്ങളുടെ ന്യൂനതകൾ വെളിപ്പെടുത്തി സമൂഹത്തിൽ ഛിദ്രത ഉണ്ടാക്കുമ്പോൾ അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാകുകയായിരിക്കും ചെയ്യുക.**

**നമുക്ക് അല്ലാഹുവിന്റെ സത്താർ എന്ന സിഫത്തിൽനിന്ന് ഫലമെടുക്കണമെങ്കിൽ മറ്റുള്ളവരുടെ ദോഷങ്ങൾ നമ്മൾ സ്വയം മറച്ചുവെക്കേണ്ട ആവശ്യമുണ്ട്.**

**സമൂഹത്തിലെ തിന്മകൾ അകറ്റുന്നതിനും ശാന്തിയും സമാധാനവും മൈത്രിയും പ്രചരിപ്പിക്കുന്നതിനും ദോഷങ്ങൾ മറച്ചുവെക്കുക എന്നത് അനിവാര്യമാണ്. സൽഗുണങ്ങൾ പറയുക. സൽഗുണങ്ങൾ വെളിപ്പെടുത്തുമ്പോൾ നന്മ ചെയ്യാനുള്ള പ്രചോദനവുമുണ്ടാകുന്നതാണ്. സമൂഹത്തിൽ നന്മ പരത്തുക എന്നതാണ് ഒരു യഥാർഥ മുസ്‌ലിമിന്റെ പങ്ക്. വെറും നാവിന്റെ രുചിക്കും സന്തോഷത്തിന്റെ ചുറ്റുപാടുണ്ടാക്കുന്നതിനുംവേണ്ടി മറ്റുള്ളവരുടെ തിന്മകൾ പ്രചരിപ്പിക്കുക എന്നത് അങ്ങേയറ്റം വലിയ പാപമാണ്. മജ്‌ലിസിൽ ഒരു പരിഹാസ വർണമുണ്ടാക്കി ആളകളെ പരിഹസിക്കുക എന്നത് വൻ പാപമാണ്. ഇതിൽനിന്ന് എല്ലാ അഹ്മദികളും രക്ഷപ്പെടേണ്ടതാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പക്കൽ ആരെങ്കിലും അഹ്മദിയാകുക എന്നത്, അവിടത്തെ ബയ്അത്തിൽ വരിക എന്നത് അല്ലാഹു അവനെ സ്വീകരിച്ചുവെന്നാണ് പ്രകടിപ്പിക്കുന്നത്. അല്ലാഹു അയാളെ സ്വീകരിച്ച സ്ഥിതിക്ക് അയാളുടെ വ്യക്തിപരമായ പോരായ്മകൾ അന്വേഷിച്ച് കണ്ടെത്തി പ്രചരിക്കുന്നതിന് മറ്റാർക്കും അവകാശമില്ല. ചുഴിഞ്ഞ് അന്വേഷിക്കുകയും മറ്റുള്ളവരുടെ മുമ്പിൽ അയാളെക്കുറിച്ച് പ്രകടനം നടത്തുകയും ചെയ്യാൻ ആർക്കും അവകാശമില്ല.**

**വിശുദ്ധ ഖുർആൻ, തിരുഹദീഥുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ ആരുടേയും ദോഷം വെളിപ്പെടുത്തരുതെന്നും പ്രചരിപ്പിക്കരുതെന്നും ചീത്ത ശീലങ്ങളിൽനിന്ന് രക്ഷപ്പെടണമെന്നും ഇസ്തിഗ്ഫാറിലേക്ക് ശ്രദ്ധിക്കണമെന്നുമുള്ള ഉപദേശങ്ങൾ.**

**പാക്കിസ്താനിലെ നങ്കാനസാഹിബ് ജമാഅത്തിന്റെ സ്വദർ അഡ്വക്കേറ്റ് മലിക് സലീം ലത്വീഫ് സാഹിബിന്റെ ശഹാദത്തും അദ്ദേഹത്തെ കുറിച്ചുള്ള അനുസ്മരഅവും ജനാസ ഗാഇബും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ജുമുഅ ഖുത്ബ 2017 മാർച്ച് 31/1396 അമാൻ 31**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

എല്ലാ ന്യൂനതകളിൽനിന്നും എല്ലാ വിധത്തിലും പരിശുദ്ധരായിട്ടുള്ള ഒരു മനുഷ്യനും ലോകത്തില്ല. അല്ലാഹുവിന്റെ വിശേഷഗുണമാണ് 'സത്താർ' അഥവാ ന്യൂനതകൾ മറച്ചുവെക്കുന്നവൻ എന്നത്. അവൻ നമ്മുടെ എല്ലാ കുറവുകളും മറച്ചു വെക്കുന്നു. മനുഷ്യന്റെ തെറ്റുകളേയും വീഴ്ചകളേയും പാപങ്ങളേയും അല്ലാഹു വെളിച്ചത്തുകൊണ്ടുവന്നാൽ ആർക്കും മുഖം കാണിക്കാൻ മനുഷ്യൻ അർഹനായിരിക്കുകയില്ല. അല്ലാഹു 'സത്താറുൽ ഉയൂബും' 'ഗഫ്ഫാറുദ്ദുനൂബുമാണ്.' അതായത് ന്യൂനതകൾ മറച്ചുവെക്കുന്നവനും പാപങ്ങൾ പൊറുത്തുകൊടുക്കുന്നവനുമാണ്. നമ്മളോടു ഔദാര്യം ചെയ്തുകൊണ്ട് അവൻ നമുക്ക് ഈ ദുആയും പഠിപ്പിച്ചുതന്നു:"നിങ്ങൾ നിങ്ങളുടെ തെറ്റുകളിൽനിന്നും വീഴ്ചകളിൽനിന്നും രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും 'ഇസ്തിഗ്ഫാർ' ചെയ്തുകൊണ്ടിരിക്കുകയുമാണെങ്കിൽ ഞാൻ നിങ്ങളുടെ പാപങ്ങൾ മാപ്പാക്കിത്തരുന്നതാണ്. നിങ്ങളുടെ ന്യൂനതകൾ മറച്ചു വെക്കുന്നതും നിങ്ങളുടെ ദുആകൾ സ്വീകരിക്കുന്നതുമാണ്." എല്ലാ ഓരോരുത്തരുടേയും ന്യൂനതകൾ പൊതുവായിട്ട് അല്ലാഹു മറച്ചു വെക്കുന്നുണ്ട്. 'ഇസ്തിഗ്ഫാർ' ചെയ്യുന്നവരെ പ്രത്യേകമായ നിലയിൽ തന്റെ പുതപ്പിൽ അവന്റെ പൊറുക്കൽ പൊതിഞ്ഞെടുക്കുന്നതാണ്. 'ഗഫറ' എന്നതിന്റെ ഉദ്ദേശ്യം മറയ്ക്കുക, പൊതിയുക എന്നാണ്. ഈ ഉദ്ദേശ്യംതന്നെയാണ് ഏറ്റക്കുറച്ചിലോടെ 'സത്തറി'നുമുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു:"ഇസ്‌ലാം അവതരിപ്പിച്ചിട്ടുള്ള ദൈവം, മുസ്‌ലീംകൾ ഏതൊരു ദൈവത്തെയാണോ വിശ്വസിച്ചിട്ടുള്ളത് അവൻ റഹീമാണ്, കരീമാണ്, ഹലീമാണ്, തവ്വാബാണ്, ഗഫ്ഫാറാണ്. അതായത് കരുണാമയനാണ്, ഉദാരവാനാണ്, ദയാലുവാണ്, പശ്ചാത്താപം സ്വീകരിക്കുന്നവനാണ്, പാപങ്ങൾ പൊറുക്കുന്നവനുമാണ്. ആരാണോ സത്യസന്ധമായി മാനസാന്തരപ്പെടുന്നത് അല്ലാഹു അവന്റെ 'തൗബ' സ്വീകരിക്കുകയും പാപം പൊറുത്തുകൊടുക്കുകയും ചെയ്യുന്നു." പറഞ്ഞു: "പക്ഷേ, ലോകത്ത് യഥാർഥ സഹോദരനാണെങ്കിൽത്തന്നെയും, അല്ലെങ്കിൽ മറ്റേതെങ്കിലും ബന്ധുവാണെങ്കിൽത്തന്നെയും ഒരുപ്രാവശ്യം തെറ്റു കണ്ടാൽ, അവൻ ആ തെറ്റിൽനിന്ന് പിന്മാറിയാൽപ്പോലും അതായത് തെറ്റുചെയ്തവൻ പശ്ചാത്തപിച്ച് മടങ്ങിയാൽപ്പോലും അവനെ തെറ്റുകാരനായിട്ടുത്തന്നെയായിരിക്കും മനസ്സിലാക്കുക." അതിനാൽ ആരെങ്കിലും പാപവും തെറ്റും ചെയ്തിട്ട് പശ്ചാത്തപിച്ചു മടങ്ങിയാൽത്തന്നെയും ഭൗതികനായ മനുഷ്യൻ അവനെ കാണുന്നത് ന്യൂനതയുടേയും സംശയത്തിന്റേയും ദൃഷ്ടികൊണ്ടുതന്നെയായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:"പക്ഷേ അല്ലാഹു എത്രമാത്രം ഉദാരവാനാണ്. മനുഷ്യൻ ആയിരക്കണക്കിന് തെറ്റുകൾ ചെയ്തിട്ടും പശ്ചാത്തപിച്ചു മടങ്ങിയാൽ അവന് പൊറുത്തുകൊടുക്കുന്നു." പറഞ്ഞു:"അല്ലാഹുവിന്റെ വർണത്തിൽ വിഭൂഷിതരായ പ്രവാചകന്മാരൊഴികെ, മറ്റുള്ളവരുടെ തെറ്റുകൾ മറച്ചുവെച്ചു പ്രവൃത്തിക്കുന്നവരായി ലോകത്ത് ഒരു മനുഷ്യനുമില്ല." (അതായത് എത്രയാണോ അല്ലാഹു മറച്ചുവെച്ചു പ്രവൃത്തിക്കുന്നത് അത്രപ്രവൃത്തിക്കുന്നവരായി നബിമാരൊഴികെ ആരുമില്ല. അല്ലാഹുവിനുശേഷം നബിയ്ക്കാണ് മറ്റുള്ളവരുടെ തെറ്റുകുറ്റങ്ങൾ അത്രമാത്രം മറച്ചുവെച്ച് പ്രവൃത്തിക്കാൻ കഴിയുന്നത്. അവർക്കു പുറമെ ആരുമില്ല.)"എന്നല്ല സാധാരണയുള്ള അവസ്ഥ എന്താണെന്നുവച്ചാൽ 'ഖുദാ ദാനിദ് ബപോശദോ ഹംസായ നദാനിദ് വ ബഖ്ർ അശുദ്' എന്ന് ഉർദു മഹാകവി സഅ്ദി പറഞ്ഞതുപോലെ!അല്ലാഹു അറിഞ്ഞിരുന്നിട്ടും തെറ്റുകൾ മറച്ചുവെക്കുന്നു. പക്ഷേ, അയൽവാസി അല്പം അറിവുകിട്ടിയാൽ ആ ബലഹീനത പരസ്യപ്പെടുത്താൻ തുടങ്ങുന്നു."(മൽഫൂദാത്ത് വാള്യം 7 പേജ് 178 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)സഅ്ദിയുടെ ഈ പദ്യ ശകലത്തിന്റെ വിശദീകരണം ഒരിടത്ത് ഇങ്ങനെ പറയുന്നു:"അല്ലാഹുവിന്റെ 'സത്താരിയ്യത്ത്' അഥവാ ദോഷങ്ങൾ മറച്ചു വെക്കുക എന്ന ഗുണം എങ്ങനെയുള്ളതാണെന്നുവച്ചാൽ

അവൻ മനുഷ്യരുടെ പാപങ്ങളേയും തെറ്റുകളേയും കാണുന്നു. പക്ഷേ, തന്റെ ഈ വിശേഷഗുണം കാരണത്താൽ മനുഷ്യന്റെ പാപങ്ങളെ അവൻ അതിൽ അതിർ ലംഘിക്കുന്നതുവരെ മൂടിവെക്കുന്നു. എന്നാൽ, മനുഷ്യനണെങ്കിൽ അവൻ മറ്റുള്ളവർ ചെയ്യുന്ന പാപം കാണുന്നതുപോലുമില്ല. എന്നിട്ടും ബഹളമുണ്ടാക്കുന്നു."(മൽഫൂദാത്ത് വാല്യം 1 പേജ് 299-300 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറയുന്നു: 'നിങ്ങൾ ചിന്തിക്കുക! അവന്റെ ദയയുടേയും കരുണയുടേയും എത്ര മഹത്തായ സ്വഭാവവൈശിഷ്യമാണ്.' അല്ലാഹുവിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "അവൻ(അതായത് അല്ലാഹു) ശിക്ഷിക്കാൻ തുടങ്ങിയാൽ എല്ലാവരേയും അവന് നശിപ്പിക്കാൻ സാധിക്കുന്നതാണ്. പക്ഷേ, അവന്റെ ദയയും കരുണയും വളരെ വിശാലമാണ്. അത് അവന്റെ കോപത്തിനുമേൽ മുന്നിട്ടുനില്ക്കുന്നു."(മൽഫൂദാത്ത് വാല്യം 7 പേജ് 179 1985 ലണ്ടൻ പതിപ്പ്)

നമ്മൾ ഇക്കാര്യങ്ങൾ മനസ്സിലാക്കുകയും നമ്മുടെ കൂട്ടുകാരുടേയും സഹോദരങ്ങളുടേയും നമ്മളുമായി ബന്ധപ്പെടുന്നവരുടേയും കാര്യങ്ങൾ എപ്പോഴും തിരഞ്ഞുനോക്കിയും ചുഴ്ന്നുനോക്കിയും നടക്കാതെയും അവരുടെ ബലഹീനതകൾ അന്വേഷിച്ച് നടക്കാതെയുമിരിക്കുകയാണെങ്കിൽ പ്രിയപ്പെട്ടതും സ്നേഹിക്കുന്നതും സമാധാനനിർഭരവുമായ ഒരു സമൂഹം സ്ഥാപിതമാകുന്നതാണ്. ദോഷങ്ങൾ മറച്ചു വെക്കുന്നതിനു പകരം മറ്റുള്ളവരുടെ കുറവുകൾ വെളിപ്പെടുത്താൻ ശ്രമിച്ചു നടക്കുന്ന ഒരുപാടാളുകൾ നമ്മളിലുണ്ട്. എന്നാൽ, അവരെ സംബന്ധിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അല്ലെങ്കിൽ ഇന്നയാൾ തന്നെ കുറിച്ച് ഈ രീതിയിൽ സംസാരിച്ചിട്ടുണ്ടെന്ന് അയാൾ അറിഞ്ഞാൽ അങ്ങേയറ്റം മോശക്കാരനായിത്തീരുന്നു. എന്നല്ല, കോപാകുലനായി മരിക്കാനും കൊല്ലാനും തയ്യാറായിത്തീരുന്നു. പക്ഷേ, ഇയാൾ സ്വയം മറ്റുള്ളവരെ കുറിച്ച് പറഞ്ഞത് വെളിച്ചത്താകുകയാണെങ്കിൽ, ആ സമയത്ത് പറയുന്നത് അതൊരു നിസാരകാര്യമല്ലേ, ഞാൻ വെറുതെയങ്ങ് പറഞ്ഞതാണെന്നാണ്. എന്തൊന്ന് നമ്മൾ നമുക്കുവേണ്ടി ആഗ്രഹിക്കുന്നുവോ അത് മറ്റുള്ളവർക്കുവേണ്ടിയും ആഗ്രഹിക്കണമെന്നുള്ള നബി(സ)തിരുമേനിയുടെ ഉപദേശം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്.(സ്വഹീഹുൽ ബുഖാരി, കിതാബുൽ ഈമാൻ ഹദീഥ് 13)

അതിനാൽ നമ്മൾ നമ്മുടെ ദോഷങ്ങൾ മറഞ്ഞിരിക്കുന്നത് ഇഷ്ടപ്പെടുന്നുവെങ്കിൽ മറ്റുള്ളവരെ കുറിച്ചും അതേ ബോധം ഉണ്ടായിരിക്കേണ്ടതാണ്. സമൂഹത്തിന്റെ സമാധാനത്തിനും അനിവാര്യമായിട്ടുള്ള സുവർണമായ അടിസ്ഥാനനിയമവും ഇതുതന്നെയാണ്.

ന്യൂനത കണ്ടിട്ട് അത് പരത്തുന്നതിന് പകരം എല്ലാ ഓരോരുത്തരും 'ഇസ്തിഗ്ഫാർ' ചെയ്യേണ്ടതാണ്. അല്ലാഹു നിരാശ്രയനാണ്. നമ്മുടെ ഉള്ളിൽ കുടിയിരിക്കുന്ന അസംഖ്യം ന്യൂനതകൾ വെളിച്ചത്താകുമോ എന്ന് ഭയപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്. സദുദ്ദേശ്യത്തോടുകൂടി മനുഷ്യൻ മറ്റുള്ളവരുടെ ന്യൂനതകൾ മറച്ചുവെക്കുന്നതായാൽ അല്ലാഹുവിന്റെ കൃപകൾ കരസ്ഥമാക്കുന്നവനായിത്തീരുന്നതാണ്. അല്ലാഹു ശിക്ഷിക്കാൻ ഒരുങ്ങുകയും കണക്കെടുപ്പ് നടത്തുകയും ചെയ്താൽ എല്ലാവരേയും നശിപ്പിക്കുന്നതായിരിക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ കാര്യം എപ്പോഴും ഓർമവെക്കേണ്ടതാണ്. അതുകൊണ്ട് വളരെ ഭയപ്പെടേണ്ട സ്ഥാനമാണിത്. എപ്പോഴും ഇസ്തിഗ്ഫാർ ചെയ്യുന്നതിലേക്ക് ശ്രദ്ധയുണ്ടാകേണ്ട ആവശ്യമാണുള്ളത്.

നബി(സ) തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു: 'തന്റെ മുസ്‌ലിം സഹോദരന്റെ ന്യൂനതകൾ ആരാണോ മറച്ചുവച്ചത് അല്ലാഹു ഖിയാമത്തുനാൾ അവന്റെ ന്യൂനതകൾ പൊതിഞ്ഞുവെക്കുന്നതായിരിക്കും. മറച്ചു വെക്കുന്നതായിരിക്കും. ആരാണോ തന്റെ മുസ്‌ലിം സഹോദരന്റെ ദോഷങ്ങൾ വെളിപ്പെടുത്തി നടക്കുന്നത്, അവന്റെ ദോഷങ്ങൾ പറഞ്ഞു നടക്കുന്നത്, അവന്റെ തിന്മകൾ കണ്ട് ലോകരോടു പറഞ്ഞുനടക്കുന്നത് അല്ലാഹു അവന്റെ ന്യൂനതകളേയും നഗ്നതയേയും അതേ പോലെ വെളിപ്പെടുത്തുന്നതായിരിക്കും. അവന്റെ വീട്ടിലും അവനെ അപമാനിക്കുന്നതായിരിക്കും.(സുനൻ ഇബ്നുമാജ, കിതാബുൽ ഹുദൂദ്, ഹദീഥ് നമ്പർ 2546)

ഇതു വളരെ വലിയ ഭീഷണിയാണ്. ഭയപ്പെടേണ്ട സ്ഥാനമാണ്. അല്ലാഹുവിന്റെ കൃപയെ ആകർഷിച്ചെടുക്കുന്നതിനുവേണ്ടി മറ്റുള്ളവരുടെ ന്യൂനതകൾ നോക്കിക്കാണുന്നതിനുപകരം തന്നിലേക്കുതന്നെ ദൃഷ്ടി ഊന്നേണ്ടതാണ്. അപ്പോൾ നമുക്ക് അല്ലാഹുവിന്റെ കൃപയേയും കരുണയേയും ആകർഷിച്ചെടുക്കാൻ കഴിയുന്നതാണ്.

നമ്മൾ ഒരുവന്റെ തിന്മ വെളിപ്പെടുത്താതിരുന്നാൽ പരിഷ്കരണം എങ്ങനെ നടക്കാനാണെന്ന് ചിലർ ചോദിക്കാറുണ്ട്. എപ്പോഴും ഓർക്കേണ്ടതാണ്! ആരുടെയെങ്കിലും തിന്മ ജമാഅത്തിന് നഷ്ടമുണ്ടാക്കുന്നതിന് വഴിവെക്കുന്നുവെങ്കിൽ അല്ലെങ്കിൽ സമൂഹത്തിലെ ഒരു വിഭാഗത്തെ തങ്ങളുടെ കൈയിലൊതുക്കി മോശമാക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ പരിഷ്കരിച്ചെടുക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ളവരെ, അമീർ ജമാഅത്തുണ്ട്, സ്വദ്റുണ്ട് അവരെ അറിയിക്കേണ്ടതാണ്. അല്ലെങ്കിൽ അവരുടെ പരിഷ്കരണത്തിൽ ശ്രദ്ധിക്കാൻ എനിക്കെഴുതുക. താൻ നിർമിച്ചിട്ടുള്ള ജമാഅത്ത് വ്യവസ്ഥിതി നശിക്കാൻ അല്ലാഹുവും ആഗ്രഹിക്കുന്നില്ല. വ്യക്തിപരമായ ഒരു തിന്മ സമൂഹത്തിന്റെ പൊതുവായ തിന്മയായിത്തീരാൻ അവൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അല്ലാഹു അത്തരക്കാരുടെ തിന്മ വെളിപ്പെടുത്തുന്നു; ഏതൊരു പാപം അല്ലെങ്കിൽ തെറ്റാണോ അവർ ചെയ്തത് അവ പ്രചരിപ്പിക്കണമെന്നും പ്രകടമാക്കണമെന്നും അല്ലെങ്കിൽ ചെയ്തുകൊണ്ടേപോകണമെന്നുമുള്ള കാര്യത്തിൽ അവർ നിലകൊള്ളുകയും ശാഠ്യം പിടിക്കുകയുംചെയ്യുന്നുവെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, മനുഷ്യന്റെ പാപങ്ങളും തെറ്റുകളും അല്ലാഹു കാണുന്നു. പക്ഷേ, മറച്ചുവെക്കുക എന്ന തന്റെ സവിശേഷ ഗുണം നിമിത്തം പാപംചെയ്യുന്നവർ അതിരു ലംഘിക്കുന്നതുവരെ അല്ലാഹു അത് മറച്ചുവെക്കുന്നു. പിന്നീട് മനുഷ്യൻ സ്വയംതന്നെ അത് വെളിപ്പെടുത്തുകയും അതിർലംഘിച്ച് പുറത്തുവരികയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ ശിക്ഷ നല്കുക എന്ന വിശേഷഗുണവും പ്രവർത്തിച്ചു തുടങ്ങുന്നു. അല്ലാഹു ഇച്ഛിക്കുകയാണെങ്കിൽ ഈ ലോകത്തും അവനെ പിടിക്കുന്നു. പരലോകത്തും അവനെ ശിക്ഷിക്കുന്നതാണ്.

പക്ഷേ, ആരുടെയെങ്കിലും തിന്മകണ്ട് അത് പ്രചരിപ്പിക്കുകയും, പരത്തുകയും ചെയ്യുക എന്നത് എന്തായാലും പാടില്ല. കാരണം തിന്മകൾ അവസാനിക്കുന്നതിനു പകരം അതുമുഖേന പരക്കുകയായിരിക്കും ചെയ്യുക. ഇതു സംബന്ധമായുള്ള നബി(സ)തിരുമേനിയുടെ ഉപദേശം എപ്പോഴും ഓർമവെക്കേണ്ടതാണ്. നബി(സ)തിരുമേനി പറഞ്ഞു: 'നീ ജനങ്ങളുടെ ദൗർബല്യങ്ങളുടെ പിന്നാലെ നടന്നാൽ അവരെ നശിപ്പിക്കുന്നതായിരിക്കും.'(സുനൻ അബീദാവൂദ്, കിതാബുൽ അദബ് ഹദീഥ് 4888)

ദൗർബല്യങ്ങളുടെ പിന്നാലെ നടക്കുക എന്നതിന്റെ ഉദ്ദേശ്യം അത് ഓരോയിടത്തും പറയുക, ചുഴ്ന്ന് നോക്കി തിന്മയെ അന്വേഷിച്ച് കണ്ടെത്താൻ ശ്രമിക്കുക എന്നതാണ്. മനുഷ്യൻ ഇങ്ങനെ ചെയ്താൽ ആ ആളുകളെ ചീത്തയാക്കുന്നതായിരിക്കും. സമൂഹത്തിന്റെ സമാധാനവും മോശമാക്കുന്നതായിരിക്കും. പിന്നീട് ഇക്കാര്യം മുക്കിലും മൂലയിലും വിവരിച്ചു നടക്കുകയാണെങ്കിൽ ഈ രോഗം ആരിലാണോ ഉള്ളത് അവരിൽ പരിഷ്കരണം നടത്തുന്നതിനുപകരം പിടിവാശി ഉണ്ടാകുന്നതായിരിക്കും. ആ പിടിവാശിയിൽ അവർ മറ്റുള്ളവരേയും തങ്ങളെപ്പോലെയാക്കിയെടുക്കാൻ ശ്രമിക്കുന്നു. തങ്ങളുടെ വൃത്തം വികസിപ്പിച്ചുപോകുകയും ചെയ്യുന്നു. മറ ഇല്ലാതാകുന്നു. മറ ഇല്ലാതാകുമ്പോൾ പരിഷ്കരണവശവും ഇല്ലാതാകുന്നു.

ഇവിടെ ഞാൻ ജമാഅത്തിന്റെ ജോലികൾ ഏല്പിച്ചിട്ടുള്ളവരോടും പറയാനാഗ്രഹിക്കുകയാണ്, പ്രത്യേകിച്ചും പരിഷ്കരണ വകുപ്പ്(ഇസ്‌ലാഹ്) കൈകാര്യം ചെയ്യുന്നവരോടു അങ്ങേയറ്റം സൂക്ഷ്മതയോടും സഹതാപവികാരം ഉൾക്കൊണ്ടുകൊണ്ടും ഇസ്‌ലാഹ് പ്രവർത്തനങ്ങൾ ചെയ്യുക. ഇന്ന ഔദ്യോഗിക ഭാരവാഹി കാരണത്താൽ തന്റെ ന്യൂനത വെളിപ്പെടുകയും പ്രചരിക്കുകയും ജനങ്ങൾ അതറിയുകയും ചെയ്തുവെന്ന് ഒരു ജമാഅത്തംഗത്തിനും തോന്നാൻ പാടില്ല. ഈ തോന്നലുണ്ടായാൽ അതിന്റെ പ്രതികരണം വളരെ കഠിനമായിരിക്കും. പരിഷ്കരണജോലി ഏല്പിച്ചിട്ടുള്ള ആളുകൾ ജനങ്ങളുടെ ന്യൂനതകൾ വെളിപ്പെടുത്തി സമൂഹത്തിൽ ഛിദ്രത ഉണ്ടാക്കുമ്പോൾ അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാകുകയായിരിക്കും ചെയ്യുക. എന്റെ സവിശേഷ ഗുണത്തെ കൂടുതൽക്കൂടുതൽ സ്വായത്തമാക്കുന്നതിനുവേണ്ടി ഞാൻ നിങ്ങൾക്ക് ജമാഅത്തിന് സേവനം ചെയ്യാൻ അവസരം നല്കിയിരുന്നു. പക്ഷേ, ഇവിടെ നിങ്ങൾ എന്റെ സത്താരിയ്യത്തിന്(ന്യൂനതകൾ മറച്ചുവെക്കുന്ന അവസ്ഥ)വിരുദ്ധം നടന്ന് അസ്വസ്ഥതകളും കുഴപ്പങ്ങളുമുണ്ടാക്കാൻ കാരണക്കാരായിത്തീരുന്നു'എന്ന് അത്തരം ഔദ്യോഗിക ഭാരവാഹികളോടു അല്ലാഹു പറയുന്നതാണ്. അല്ലാഹുവിന് ന്യൂനതകൾ മറച്ചുവെക്കുക എന്ന ഗുണം എത്രമാത്രം പ്രിയങ്കരമാണ്, ന്യൂനതകൾ മറച്ചുവെക്കുന്നവരെ എത്രമാത്രം കടാക്ഷിക്കുന്നു, ഇതുസംബന്ധമായി നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു, 'മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ അവന്റെമേൽ അക്രമം ചെയ്യുകയില്ല. അവനെ തനിച്ചും ഏകനായും വിട്ടുകളയുകയുമില്ല. മുസ്‌ലീംകളുടെമേൽ മുസ്‌ലീംകൾതന്നെ ആക്രമണം നടത്തുന്നതും പരസ്പരം കഴുത്തുകൾ വെട്ടിമുറിക്കുന്നതും ഈയിടെയായി നമ്മൾ കണ്ടുവരുന്നു. അവരുടെ എത്രമാത്രം ദൗർഭാഗ്യമാണിത്. ആരാണോ തന്റെ സഹോദരന്റെ ആവശ്യം നിർവഹിക്കുന്നതിൽ വ്യാപൃതനായിരിക്കുന്നത് അല്ലാഹു അവന്റെ ആവശ്യങ്ങൾ നിറവേറ്റികൊടുക്കുന്നതാണെന്നും ആരാണോ ഏതെങ്കിലും മുസ്‌ലിമിന്റെ ബുദ്ധിമുട്ട് അകറ്റിയത് അല്ലാഹു ഖിയാമത്തുനാൾ അവന്റെ ഒരു ബുദ്ധിമുട്ട് അകറ്റുന്നതാണെന്നും ആരാണോ ഒരു മുസൽമാന്റെ ന്യൂനത മറച്ചുവെച്ചത് അല്ലാഹു ഖിയാമത്തുനാൾ അവന്റെ ന്യൂനത മറച്ചുവെക്കുന്നതാണെന്നുമുള്ള നബി(സ)തിരുമേനിയുടെ നിർദേശത്തിലേക്ക് ശ്രദ്ധിക്കാൻ ആരുമില്ല.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ മളാലിം വ ഗളബ് ഹദീഥു നമ്പർ 2442)

അതുകൊണ്ട് ആ കരുണാമയനും ദയാലുവുമായ അല്ലാഹുവിന്റെ കരുണയേയും ദയയേയും ആകർഷിച്ചെടുക്കുന്നതിന് ദോഷങ്ങൾ മറച്ചുവെക്കുകയും ന്യൂനതകൾ വെളിപ്പെടുത്താതിരിക്കുകയും ചെയ്യേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്.

പിന്നീട് നബി(സ)തിരുമേനി ഇങ്ങനേയും ഒരു അവസരത്തിൽ പറയുകയുണ്ടായി: ഈ ലോകത്ത് ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന്റെ ന്യൂനതകൾ മറച്ചുവെക്കുന്നില്ലെങ്കിലും അല്ലാഹു പുനരുത്ഥാനനാളിൽ അവന്റെ ന്യൂനതകൾ മറച്ചുവെക്കുന്നതാണ്. (സ്വഹീഹ് മുസ്‌ലിം കിതാബുൽബിർറി വസ്സില ഹദീഥ് നമ്പർ 6595)അതായത് അല്ലാഹു ദോഷങ്ങൾ മറച്ചുവെക്കുന്നവനെ അനുഗ്രഹിക്കാതെയും പ്രതിഫലം നല്കാതെയും വിട്ടു കളയുകയില്ല. അല്ലാഹുവിന്റെ ഏതെങ്കിലും ദാസന്റെ ദോഷങ്ങൾ ആരെങ്കിലും മറച്ചുവെച്ചാൽ അവന്റെ രജിസ്റ്ററിൽ അതെഴുതപ്പെട്ടു. തന്റെ ദാസൻ ഈ നന്മ ചെയ്തുവെന്ന് അവന്റെ കണക്കിൽ എഴുതപ്പെട്ടു. പുനരുത്ഥാന നാളിൽ അവൻ അതിന് പ്രതിഫലം പറ്റുന്നതാണ്. അല്ലാഹു അവന്റെ ദോഷങ്ങൾ മറച്ചുവെക്കുന്നതാണ്. എന്നല്ല അല്ലാഹു തന്റെ ദാസരുടെമേൽ എത്രമാത്രം ദയാലുവും എത്രമാത്രം തന്റെ ദാസന്റെമേൽ തണലിടുന്നവനുമാണെന്നാൽ 'ഇന്ന പ്രവൃത്തി നീ ചെയ്തുവോ' എന്ന് അല്ലാഹു അവനോടു ചോദിക്കുമ്പോൾ 'എന്റെ റബ്ബേ! ഞാൻ ചെയ്തു, അല്ലെങ്കിൽ ചെയ്തിരുന്നു'വെന്ന് ദാസൻ പറയുന്നതായിരിക്കുമെന്ന് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. താൻ ഈ ലോകത്തും നിന്റെ ദോഷങ്ങൾ മറച്ചുവെച്ചു, അതുകൊണ്ട് നീ ചെയ്ത തെറ്റു ജനങ്ങൾ അറിഞ്ഞില്ല, ഇന്ന് ഈ പുനരുത്ഥാന ദിവസവും നിന്റെ ദോഷങ്ങൾ താൻ മറച്ചുവെക്കുകയും നിനക്കു മാപ്പു തരികയും ചെയ്യുകയാണെന്ന് അപ്പോൾ അല്ലാഹു ദാസനോടു പറയും.'(സ്വഹീഹ് ബുഖാരി, കിതാബുൽമളാലിം വൽഗളബ് ഹദീഥ് 2441)

അല്ലാഹു ഈ രീതിയിലാണ് മനുഷ്യരോടു പെ

രുമാറുന്നത്. നമുക്ക് അല്ലാഹുവിന്റെ സത്താർ എന്ന സിഫത്തിൽനിന്ന് ഫലമെടുക്കണമെങ്കിൽ മറ്റുള്ളവരുടെ ദോഷങ്ങൾ നമ്മൾ സ്വയം മറച്ചുവെക്കേണ്ട ആവശ്യമുണ്ട്. താൻ ദോഷങ്ങളിൽനിന്ന് മുക്തനാണെന്നും മറ്റുള്ളവരിലാണ് ദോഷങ്ങളുള്ളതെന്നും ആരും മനസ്സിലാക്കരുത്. നമ്മുടെ ദോഷങ്ങൾ മറച്ചുവെച്ചിരിക്കുന്നുവെന്നത് അല്ലാഹുവിന്റെ കൃപയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു:'നമ്മൾ ഇക്കാര്യം എപ്പോഴും മുമ്പിൽ വെക്കേണ്ടതാണ്.' പറഞ്ഞു:'യഥാർഥത്തിൽ അല്ലാഹു മനുഷ്യന്റെ ദോഷങ്ങൾ മറച്ചു വെക്കുന്നു. കാരണം അവൻ സത്താറാകുന്നു. ധാരാളമാളുകളെ അല്ലാഹുവിന്റെ സത്താർ എന്ന ഗുണംതന്നെയാണ് നല്ലവരാക്കി നിറുത്തിയിരിക്കുന്നത്.'(ധാരാളമാളുകളെ അല്ലാഹുവിന്റെ ദോഷങ്ങൾ മറച്ചുവെക്കുക എന്ന ഗുണം തന്നെയാണ് നല്ലവരാക്കിയിട്ടുള്ളത്). "അല്ലാഹു ദോഷങ്ങൾ മറച്ചുവെക്കുന്നില്ലെങ്കിൽ മനുഷ്യനിൽ എന്തെന്തെല്ലാം അഴുക്കുകളാണ് മറഞ്ഞിരിക്കുന്നതെന്ന് അറിയാൻ കഴിയുന്നതാണ്.'

അതിനാൽ ഇക്കാര്യം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ഇക്കാര്യം മുന്നിൽവച്ചുകൊണ്ട് മനുഷ്യൻ ഇസ്തിഗ്ഫാർ ചെയ്യുന്നതിനോടൊപ്പം അല്ലാഹുവിനോടു പൊറുക്കലിനെ തേടിക്കൊണ്ട് അല്ലാഹുവിന്റെ മഗ്ഫിറത്ത് അഥവാ പൊറുക്കലിന്റെ ചാദുർ പുതക്കാൻ ശ്രമിക്കുക. അവനോടു പൊറുക്കലിനെ തേടുക. അതിനോടൊപ്പം സ്വയം തന്നിലേക്ക് ദൃഷ്ടി പതിപ്പിച്ചുകൊണ്ട് മറ്റുള്ളവരുടെ ബലഹീനതകളും അവഗണിച്ചു കളയുക. സ്വന്തം കോളറിൽ നോക്കുക. മറ്റുള്ളവരുടെ ന്യൂനതകൾ പു റത്തെടുക്കാൻ ശ്രമിക്കാതിരിക്കുക. എന്നല്ല 'താനെന്താണ്'എന്ന് ആദ്യം തന്നത്താൻ വിലയിരുത്തുക. എപ്രകാരം അല്ലാഹു തന്റെ ദോഷങ്ങൾ മറച്ചുവെച്ചിരിക്കുന്നുവോ അപ്രകാരം മറ്റുള്ളവരുടെ ദോഷങ്ങൾ താനും മറച്ചുവെക്കേണ്ടതല്ലെ എന്ന് ചിന്തിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ പറഞ്ഞു:'മനുഷ്യന്റെ വിശ്വാസത്തിന്റെ കഴിവ് എന്നു പറയുന്നത് അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങൾകൊണ്ട് വിഭൂഷിതരാകുക എന്നതാണ്. എന്തെന്തെല്ലാം ഉൽകൃഷ്ട സ്വഭാവഗുണങ്ങളാണോ അല്ലാഹുവിലുള്ളത്, എന്തെന്തെല്ലാം സിഫത്തുകളാണോ ഉള്ളത് അതിനെ കഴിയുന്നത്ര പിൻപറ്റുക. അല്ലാഹുവിന്റെ വർണത്തിൽ വിഭൂഷിതരാവാൻ തന്നത്താൻ ശ്രമിക്കുക. പറഞ്ഞു:'ഉദാഹരണത്തിന് അല്ലാഹുവിൽ 'അഫ്വ്' അഥവാ മാപ്പുകൊടുക്കുക എന്ന ഗുണമുണ്ട്. മനുഷ്യനും മാപ്പു കൊടുക്കേണ്ടതാണ്."മറ്റുള്ളവർക്ക് മാപ്പു കൊടുക്കുന്ന ശീലമുണ്ടാക്കുക. 'കരുണയുണ്ട്, സഹിഷ്ണുതയുണ്ട്, ദയയുണ്ട്. മനുഷ്യനും കരുണ കാണിക്കണം. സഹിഷ്ണുത കാണിക്കണം. ദയ കാണിക്കണം." പറഞ്ഞു: അല്ലാഹു സത്താറാണ്. മനുഷ്യനും സത്താരിയ്യത്തിന്റെ പ്രൗഢിയിൽ ഭാഗഭാക്കാകേണ്ടതാണ്. തന്റെ സഹോദരങ്ങളുടെ ന്യൂനതകളും പാപങ്ങളും മറച്ചുവെക്കേണ്ടതാണ്."(ന്യൂനതകളും പാപങ്ങളും വെളിപ്പെടുത്തരുത്). പറഞ്ഞു:ആരുടെയെങ്കിലും ന്യൂനതയോ ദോഷമോ കണ്ടാൽ അത് നല്ലവണ്ണം പ്രചരിപ്പിക്കാത്തിടത്തോളം (പരത്താത്തിടത്തോളം) അവരുടെ ഭക്ഷണം ദഹിക്കുകയില്ല. ചിലരുടെ ശീലമാണിത്.' പറഞ്ഞു:'ആരാണോ തന്റെ സഹോദരന്റെ ന്യൂനത മറച്ചു വെക്കുന്നത് അല്ലാഹു അവന്റെ ന്യൂനത മറച്ചുവെക്കുന്നതാണെന്ന് ഹദീഥിൽ വന്നിരിക്കുന്നു. മനുഷ്യൻ വികൃതിക്കാരനാകരുത്. നാണംകെട്ട പ്രവൃത്തി ചെയ്യരുത്. സൃഷ്ടികളോടു ദുഷ്പെരുമാറ്റം കാണിക്കരുത്. സ്നേഹത്തോടും നന്മയോടുംകൂടി പെരുമാറുക.'(മൽഫൂദാത്ത് വാള്യം 10 പേജ് 339-340 1985 ലണ്ടൻ പതിപ്പ്)

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സദസ്സിൽ ഒരാളുടെ ന്യൂനകളെ കുറിച്ച് ചർച്ചയുണ്ടായി. (ഇന്നയാളിൽ ഇന്ന ന്യൂനത ഉണ്ടെന്ന്).അവിടന്ന് (ഇക്കാര്യം) കേട്ടുകൊണ്ട് അതു പറഞ്ഞയാളോടു പറഞ്ഞു:അയാളുടെ ന്യൂനതകൾ (താങ്കൾ) പറഞ്ഞു. (വലിയ ആവേശത്തോടെയാണ് താങ്കളത് പറഞ്ഞത്). അയാളുടെ ന്യൂനതകൾ (താങ്കൾ) എണ്ണിയെണ്ണി പറഞ്ഞു. അയാളുടെ സൽഗുണങ്ങളെ കുറിച്ചും പറഞ്ഞിരുന്നെങ്കിൽ എത്ര നന്നായേനെ!'(ദിക്റെ ഹബീബ് പേജ് 57)

എന്തായാലും അയാളിൽ എന്തെങ്കിലും നന്മയും ഉണ്ടായിരിക്കുമല്ലോ? അതും പറഞ്ഞിരുന്നെങ്കിൽ! സമൂഹത്തിലെ തിന്മകൾ അകറ്റുന്നതിനും ശാന്തിയും സമാധാനവും മൈത്രിയും പ്രചരിപ്പിക്കുന്നതിനും ദോഷങ്ങൾ മറച്ചുവെക്കുക എന്നത് അനിവാര്യമാണ്. സൽഗുണങ്ങൾ പറയുക. സൽഗുണങ്ങൾ വെളിപ്പെടുത്തുമ്പോൾ നന്മ ചെയ്യാനുള്ള പ്രചോദനവുമുണ്ടാകുന്നതാണ്. സമൂഹത്തിൽ നന്മ പരത്തുക എന്നതാണ് ഒരു യഥാർഥ മുസ്‌ലിമിന്റെ പങ്ക്.

വെറും നാവിന്റെ രുചിക്കും സന്തോഷത്തിന്റെ ചുറ്റുപാടുണ്ടാക്കുന്നതിനുംവേണ്ടി മറ്റുള്ളവരുടെ തിന്മകൾ പ്രചരിപ്പിക്കുക എന്നത് അങ്ങേയറ്റം വലിയ പാപമാണ്. മജ്‌ലിസിൽ ഒരു പരിഹാസവർണമുണ്ടാക്കി ആളകളെ പരിഹസിക്കുക എന്നത് വൻ പാപമാണ്. ഇതിൽനിന്ന് എല്ലാ അഹ്മദികളും രക്ഷപ്പെടേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തുചെയ്തപ്പോൾ ചെയ്ത പ്രതിജ്ഞ ഒരു വിധത്തിലും മനുഷ്യകുലത്തിന് കൈകൊണ്ടോ നാവുകൊണ്ടോ ബുദ്ധിമുട്ടുണ്ടാക്കുകയില്ലെന്നാണ്. അത് പാലിക്കേണ്ടത് നിർബന്ധമാണ്.(ഇസാലെ ഔഹാം വാള്യം 3 പേജ് 564).

നാവുകൊണ്ടുള്ള മുറിവ് ഒരിക്കലും ഉണങ്ങുകയില്ല. ജനങ്ങളെ പരിഹസിക്കുന്നതിന്റേയും അവരുടെ ദോഷങ്ങൾ വെളിപ്പെടുത്തുന്നതിന്റേയും സ്വാധീനങ്ങൾ ചിലപ്പോൾ എന്നെന്നും നിലനില്ക്കുന്നതാണ്. അതിനാൽ നമ്മൾ വളരെയധികം സൂക്ഷ്മത പാലിക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ സഹോദരനുവേണ്ടി സത്യമായ സഹതാപവും നന്മയും നമ്മുടെ മനസ്സിലുണ്ടാകേണ്ടതാണ്. സത്യമായ സഹതാപത്തിന്റേയും നന്മയുടേയും പ്രകടനം ഉണ്ടാകുന്നത് നമ്മുടെ സഹോദരങ്ങളുടെ ന്യൂനതകളുടെമേൽ പർദ ഇടുമ്പോഴാണ്. അവരുടെ കാര്യങ്ങൾ വെളിപ്പെടുത്തുന്നത് തമാശയിലൂടെപോലും ഉണ്ടാകരുത്. ഗൗരവത്തോടെയും ഉണ്ടാകാരുത്.

അതേ! ആരുടെയെങ്കിലും ബലഹീനത കണ്ടാൽ അയാളുടെ പരിഷ്കരണത്തിനും ആ തിന്മയോ ബലഹീനതയോ അയാളിൽനിന്ന് അവസാനിപ്പിക്കുന്നതിനും ശ്രമിക്കുക എന്നത് സഹതാപത്തിന്റെ തേട്ടമാണ്. ആ തിന്മ സമൂഹത്തെ ബാധിക്കുമെന്നു കണ്ടാൽ, അതിന്റെ ദുസ്സ്വാധീനമുണ്ടാകുമെന്ന് കണ്ടാൽ ആ ചുറ്റുപാടിനേയും രക്ഷിക്കാൻ കഴിയേണ്ടതാണ്. ഇതാണ് നന്മ. അത് അല്ലാഹുവിന്റെ കൃപ ആകർഷിച്ചെടുക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ജമാഅത്തിൽ നമ്മളിൽ എന്താണ് കാണാൻ ആഗ്രഹിക്കുന്നത്. അവിടന്ന് പറയുന്നു:'ആരെയാണോ ദൗർബല്യമുള്ളവനായി കാണുന്നത് അവനെ രഹസ്യമായി ഉപദേശിക്കേണ്ടതാണ്.' (നിശബദ്തയോടെ മാറ്റി നിറുത്തി അവനെ ഉപദേശിക്കുക.) 'അവൻ അത് സ്വീകരിക്കുന്നില്ലെങ്കിൽ അവനുവേണ്ടി ദുആ ചെയ്യുക. (ഉപദേശിക്കുക. ഉപദേശം സ്വീകരിച്ചാൽ ശരി. സ്വീകരിച്ചില്ലെങ്കിൽ അയാൾക്കുവേണ്ടി ദുആ ചെയ്യുക.)"രണ്ടുകാര്യങ്ങൾകൊണ്ടും ഫലമില്ലെങ്കിൽ അത് അല്ലാഹുവിന്റെ കാര്യമാണെന്ന് മനസ്സിലാക്കുക. (ഈ ഉപദേശവും ദുആയുംകൊണ്ട് ഫലമുണ്ടാകുന്നില്ലെങ്കിൽ പിന്നീടെന്താണ് ചെയ്യേണ്ടത്? പറഞ്ഞു:'അത് അല്ലാഹുവിന്റെ കാര്യമാണെന്ന് മനസ്സിലാക്കുക.'(അത് അല്ലാഹുവിന്റെ ഇഷ്ടമാണെന്ന് മനസ്സിലാക്കുക).'അല്ലാഹു അയാളെ സ്വീകരിച്ചിട്ടുള്ള സ്ഥിതിക്ക് നിങ്ങൾ ചെയ്യേണ്ടത് ആരുടെയെങ്കിലും ന്യൂനതകണ്ട് അടിമുടി ആവേശം കാണിക്കാതിരിക്കുക എന്നതാണ്."(അഅല്ലാഹു അവനെ സ്വീകരിച്ചു. അവന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിക്കാനുള്ളതൗഫീഖ് നല്കി. ജമാഅത്തിൽ ചേർത്തു. ആ തിന്മ കാരണത്താൽ എത്ര ദുഷ്പേരാണോ അവനുണ്ടാകേണ്ടത് അതുണ്ടാകുന്നില്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ അതു മറച്ചുവെച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, നിങ്ങൾ മാത്രമേ അത് അറിഞ്ഞുട്ടുള്ളുവെങ്കിൽ നിങ്ങൾ ആവേശം കാണിക്കേണ്ട ആവശ്യമൊന്നുമില്ല. മൗനം പാലിക്കുക. അല്ലാഹുതന്നെ അവന്റെ പരിഷ്കരണത്തിനുള്ള മാർഗമുണ്ടാക്കുന്നതാണ്). പറഞ്ഞു:'അയാൾ നേരെയായിത്തീരാൻ സാധ്യതയുണ്ട്.'അവൻ ഏതെങ്കിലും നേരത്ത് നന്നായിത്തീരും. ഇതിൽനിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പക്കൽ ആരെങ്കിലും അഹ്മദിയാകുക എന്നത്, അവിടത്തെ ബയ്അത്തിൽ വരിക എന്നത് അല്ലാഹു അവനെ സ്വീകരിച്ചുവെന്നാണ് പ്രകടിപ്പിക്കുന്നത്. അല്ലാഹു അയാളെ സ്വീകരിച്ച സ്ഥിതിക്ക് അയാളുടെ വ്യക്തിപരമായ പോരായ്മകൾ അന്വേഷിച്ച് കണ്ടെത്തി പ്രചരിക്കുന്നതിന് മറ്റാർക്കും അവകാശമില്ല. ചുഴിഞ്ഞ് അന്വേഷിക്കുകയും മറ്റുള്ളവരുടെ മുമ്പിൽ അയാളെക്കുറിച്ച് പ്രകടനം നടത്തുകയും ചെയ്യാൻ ആർക്കും അവകാശമില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'അയാൾ നന്നായിത്തീർന്നേക്കാം.' അവിടന്ന് ഒരിടത്ത് ഇതിനെ തുടർന്നു പറഞ്ഞു:'ഖുത്ബിൽനിന്നും അബ്ദാലിൽനിന്നും ചിലപ്പോൾ ദോഷമുണ്ടാകാറുണ്ട്.' (വലിയ വലിയ ഖുത്ബായിട്ടുള്ളവരിൽനിന്നും അബ്ദാലായിട്ടുള്ളവരിൽനിന്നും ദോഷകരമായ കാര്യങ്ങൾ ഉണ്ടാകാറുണ്ട്). പറഞ്ഞു:'എന്നല്ല അൽഖുത്വുബു ഖദ് യസ്നീ എന്നും എഴുതിയിരിക്കുന്നു. അതായത് ഖുത്ബിൽനിന്ന് വ്യഭിചാരമുണ്ടാകുന്നു.' പറഞ്ഞു:'ധാരാളം കള്ളന്മാരും വ്യഭിചാരികളും അവസാനം ഖുത്ബും അബ്ദാലും ആയിട്ടുണ്ട്.' അവിടന്ന് പറഞ്ഞു: 'ഝടുതിയിലും ധിറുതിപിടിച്ചും ആരെയെങ്കിലും ഉപേക്ഷിച്ചു കളയുക എന്നത് നമ്മുടെ മാർഗമല്ല." "ആരുടെയെങ്കിലും കുട്ടി സ്വഭാവദൂഷ്യമുള്ളവനാണെങ്കിൽ അവനെ നന്നാക്കാനാണ് പിതാവ് പൂർണമായും ശ്രമിക്കുന്നത്. ഇതുപോലെ തന്റെ സഹോദരനേയും ഉപേക്ഷിച്ചു കളയരുത്."(എപ്രകാരം കുട്ടിയ്ക്കുവേണ്ടി ശ്രമിക്കുന്നുവോ അതുപോലെ തന്റെ സഹോദരന്മാരുടെ ന്യൂനതകൾ അകറ്റുന്നതിനുവേണ്ടി ശ്രമിക്കുക. ദുആ ഇരക്കുകയും ചെയ്യുക.)"എന്നല്ല അയാളെ നന്നാക്കാൻ പൂർണമായും ശ്രമിക്കേണ്ടതാണ്." പറഞ്ഞു: 'ദോഷങ്ങൾ കണ്ട് അത് പ്രചരിപ്പിക്കുകയും മറ്റുള്ളവരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നത് ഒരിക്കലും വിശുദ്ധ ഖുർആനിന്റെ അധ്യാപനമല്ല. പ്രത്യുത അത് പറയുന്നു:തവാസ്വൗ ബിസ്സ്വബ്രി വതവാസ്വൗ ബിൽ മർഹമത്തി(അൽബലദ് 18)അവൻ ക്ഷമയോടും കരുണയോടുംകൂടി ഉപദേശിക്കുന്നു." പറഞ്ഞു:'മറ്റുള്ളവരുടെ ദോഷം കണ്ട് അവരെ ഉപദേശിക്കുന്നതാണ് മർഹമ. അവനുവേണ്ടി ദുആയും ചെയ്യുക.' പറഞ്ഞു:"ദുആയിൽ വളരെ വലിയ ശക്തിയാണുള്ളത്. ഒരാളുടെ ന്യൂനത നൂറു പ്രാവശ്യം പറഞ്ഞു നടക്കുകയും പക്ഷേ, ഒരു പ്രാവശ്യംപോലും അയാൾക്കുവേണ്ടി ദുആ ചെയ്യാതിരിക്കുകയും ചെയ്യുന്നവന്റെ അവസ്ഥ അങ്ങേയറ്റം പരിതാപകരമാണ്. കുറഞ്ഞത് നാല്പതു ദിവസമെങ്കിലും കരഞ്ഞുകരഞ്ഞു ദുആ ചെയ്തതിനുശേഷമായിരിക്കണം ആരുടെയെങ്കിലും ന്യൂനത വിവരിക്കേണ്ടത്." (ന്യൂനത പ്രചരിപ്പിക്കാൻ അനുവാദം കിട്ടിയിരിക്കുന്നു, അതുകൊണ്ട് അത് വിവരിക്കണമെന്നല്ല പറഞ്ഞതിന്റെ ഉദ്ദേശ്യം. ഇതിന്റെ ഉദ്ദേശ്യം ഇതല്ല. പ്രത്യുത ഇപ്പറഞ്ഞതിന്റെ ഉദ്ദേശ്യം പരിഷ്കരിക്കുന്ന ആൾക്കും പരാതിപ്പെടണമെങ്കിൽ ആദ്യം സ്വന്തം ശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യുക. അതിനുശേഷം പരാതിപ്പെടുക എന്നാണ്.) ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "നമ്മുടെ ഉദ്ദേശ്യം ന്യൂനതയെ പിന്തുണയ്ക്കുന്നവനാകുക എന്നതല്ല. (ന്യൂനത കാണുകയും എന്നിട്ട് നല്ലതാണ് ചെയ്തത്, അവനിൽ ന്യൂനതയും പോരായ്മയും ബലഹീനതയുമുണ്ട്, അതു നന്നായി എന്ന് പറഞ്ഞ് അതിനെ പിന്തുണയ്ക്കുകയല്ല വേണ്ടത്. പിന്തുണയ്ക്കുന്നവനാകാതിരിക്കുക.) മറിച്ച് അതിന്റെ പ്രചാരണവും പരദൂഷണവും നടത്താതിരിക്കുക എന്നതാണ്. (ആ ന്യൂനത കണ്ടുകൊണ്ട് അത് പ്രചരിപ്പിക്കാതിരിക്കുക. ജനങ്ങളുടെ മുമ്പിൽ പറയാതിരിക്കുക. പിന്നിലും പറയാതിരിക്കുക). അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ പാപമാണെന്ന് പറഞ്ഞിട്ടുള്ളത് പ്രചരിപ്പിക്കുകയും പറയുകയും ചെയ്യുക. അവിടന്ന് പറയുന്നു:'ശേയ്ഖ് സഅ്ദിക്ക് രണ്ടു ശിഷ്യന്മാരുണ്ടായിരുന്നു. അവരിൽ ഒരുവൻ യാഥാർഥ്യങ്ങളും ഈശ്വരജ്ഞാനങ്ങളും വിവരിക്കാറുണ്ടായിരുന്നു.'(വലിയ യോഗ്യനായിരുന്നു. അവന് അറിവും കൃപയും ലഭിച്ചിരുന്നു.

വലിയ വലിയ യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും വിവരിക്കാറുണ്ടായിരുന്നു)."രണ്ടാമത്തയാൾ അതും ഇതും പറയുമായിരുന്നു.(അയാളിൽ ഒന്നാമത്തവനെപോലെ കഴിവുണ്ടായിരുന്നില്ല. എന്നല്ല ഒന്നാമത്തവനെ കണ്ട് ജ്വലിക്കുമായിരുന്നു. അതായത് ഒരു ശിഷ്യൻ വലിയ സമർഥനായിരുന്നു. രണ്ടാമത്തവന് ആ സാമർഥ്യമുണ്ടായിരുന്നില്ല. അവൻ ആദ്യത്തവന്റെ അറിവിൽ ജ്വലിച്ചുകൊണ്ടിരുന്നു). 'അവസാനം താൻ എന്തെങ്കിലും പറയുമ്പോൾ ഇതരൻ ജ്വലിക്കുന്നു അതായത് അസൂയപ്പെടുന്നുവെന്ന് ആദ്യത്തെയാൾ സഅ്ദിയോടു പറഞ്ഞു. (അതിന്)ശേയ്ഖ്(സഅ്ദി) മറുപടി നല്കി: 'ഒരാൾ നരകത്തിന്റെ വഴി സ്വീകരിച്ചു. അതായത് അസൂയപ്പെട്ടു. (ഒരുത്തൻ അസൂയപ്പെട്ടുകൊണ്ട് നരകത്തിന്റെ വഴിയിലൂടെ നടക്കാൻ തുടങ്ങി).'നീയാണെങ്കിൽ പരദൂഷണം പറഞ്ഞു." അതായത് നീ എന്നോടു പറയുന്ന കാര്യം നന്മയല്ല. പരദൂഷണം പറഞ്ഞ് നീയും നരകത്തിന്റെ വഴിയിലൂടെ നടക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇരുവരും പാപികളായിരിക്കുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: 'കരുണ, ദുആ, ന്യൂനത മറച്ചുവെക്കൽ, ദയ തുടങ്ങിയവ പരസ്പരമില്ലാത്തിടത്തോളം ഈ പരമ്പര മുന്നോട്ടു പോകുകയില്ല.'(മൽഫൂദാത്ത് വാല്യം 7 പേജ് 78-79 1985 ലണ്ടൻ പതിപ്പ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിട്ട് ഒരു ഭാഗത്ത് നമ്മൾ നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റങ്ങളുണ്ടാക്കാൻ ശ്രമിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. മറുഭാഗത്ത് ഭൗതികമായ സമൂഹത്തിന് വശംവദരായി അല്ലഹുവിന്റെ വിശേഷ ഗുണങ്ങളേയും കല്പനകളേയും നമ്മളിൽ നടപ്പിൽ വരുത്താനൊട്ടു ശ്രമിക്കുന്നുമില്ല. അപ്പോൾ ചെയ്ത പ്രതിജ്ഞ നിറവേറ്റാതെ നമ്മൾ പാപിയാകുകയാണ് ചെയ്യുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ എന്താക്കിത്തീർക്കാനാണ് ആഗ്രഹിക്കുന്നത് അത് നമ്മൾ ആകുന്നുമില്ല. അവിടന്ന് നമ്മളിൽ എന്തുകാണാനാണ് ആഗ്രഹിക്കുന്നത്? നമ്മൾ പരസ്പരം ഒരാൾ മറ്റൊരാൾക്കുവേണ്ടി ദയ ഉണ്ടാക്കുക എന്നതുതന്നെ. ഒരാൾ മറ്റൊരാൾക്കുവേണ്ടി ദുആ ചെയ്യുന്നവനാകുക. ഒരാൾ മറ്റൊരാളുടെ ന്യൂനത മറച്ചുവെക്കുന്നവനാകുക.

ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു: 'നമ്മുടെ ജമാഅത്തിനു വേണ്ടത് ഏതെങ്കിലും സഹോദരന്റെ ന്യൂനത കണ്ടാൽ അവനുവേണ്ടി ദുആ ചെയ്യുക എന്നതാണ്. പക്ഷേ, അവൻ ദുആ ചെയ്യാതിരിക്കുകയും അതു വിവരിച്ചു നടക്കുകയുമാണെങ്കിൽ അവൻ പാപമാണ് ചെയ്യുന്നത്.' പറയുന്നു:'അകറ്റാൻ പറ്റാത്തതായ ഏതു ന്യൂനതയാണുള്ളത്? അതിനാൽ ദുആകൊണ്ട് എപ്പോഴും സഹോദരനെ സഹായിക്കേണ്ടതാണ്.'(മൽഫൂദാത്ത് വാല്യം 7 പേജ് 77-78 1985 ലണ്ടൻ പതിപ്പ്) നമ്മൾ ഇങ്ങനെ പരസ്പരം സഹായിക്കുകയും ഒരാളുടെ ന്യൂനത കണ്ടുപിടിച്ചു നടക്കുന്നതിനും അതു വെളിപ്പെടുത്തുന്നതിനും പകരം ഒരാൾ മറ്റൊരാൾക്കുവേണ്ടി ദുആ ചെയ്യുകയാണെങ്കിൽ അപ്പോഴായിരിക്കും നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ ആക്കിത്തീർക്കാനാഗ്രഹിക്കുന്ന യഥാർഥ ജമാഅത്തായിത്തീരുന്നത്. നബി(സ)തിരുമേനിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു യഥാർഥ മുസൽമാന്റെ അവസ്ഥ ഇതുതന്നെയായിരിക്കേണ്ടതാണ്. ഈ അവസ്ഥ തന്നെയാണ് നമ്മുടെ പൊറുക്കലിനും മാപ്പുകൊടുക്കലിനും ന്യൂനതകൾ മറച്ചുവെക്കുന്നതിനും മാർഗമാകുന്നതും.

നബി(സ)തിരുമേനി അല്ലാഹുവിന്റെ ആഫിയത്തിൽ (സൗഖ്യത്തിൽ) വരുന്നതിനും അവന്റെ കൃപകൾ ആകർഷിച്ചെടുക്കുന്നതിനും ഒരു ദുആ പഠിപ്പിക്കുകയുണ്ടായി. അതു നമ്മൾ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ആ ദുആ ഇതാണ്. 'അല്ലാഹുവേ ഞാൻ നിന്നോടു ദുൻയാവിലും ആഖിറത്തിലും സൗഖ്യം തേടുന്നു. മൗലാ!ഞാൻ നിന്നോടു ദീനിലും ദുൻയാവിലും സമ്പത്തിലും വീട്ടിലും കുടുംബത്തിലും ക്ഷമയും സൗഖ്യവും തേടുന്നു. അല്ലാഹുവേ!എന്റെ ബലഹീനതകൾ മറച്ചുവെച്ചാലും. എനിക്ക് എന്റെ പേടികളിൽനിന്ന് സമാധാനം നല്കിയാലും. അല്ലാഹുവേ! മുന്നിൽനിന്നും പിന്നിൽനിന്നും ഇടത്തുനിന്നും വലത്തുനിന്നും മുകളിൽനിന്നും നീ തന്നെ എന്നെ സംരക്ഷിച്ചാലും. ഞാൻ താഴത്തുനിന്ന് ഏതോ മറഞ്ഞ വിപത്തിന്റെ ഇരയാണ്, അതുകൊണ്ട് നിന്റെ മഹത്വത്തിൽ അഭയം തേടുന്നു.'(സുനൻ അബൂദാവൂദ്, കിതാബുൽ അദബ് ഹദീഥ് 5074)

ഈ ദുആകൾ നമ്മൾ നമുക്കുവേണ്ടി ചെയ്യുകയും മറ്റുള്ളവർക്കുവേണ്ടിയും ഇതേ വികാരങ്ങൾ ഉൾക്കൊള്ളുന്നകയും ചെയ്യുമ്പോൾ അല്ലാഹു ദുആകൾ സ്വീകരിക്കുന്നതാണ്. നമ്മൾ അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഒരു ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. പാക്കിസ്താനിലെ നങ്കാനസാഹിബ് ജമാഅത്തിന്റെ സ്വദ്ർ അഡ്വക്കേറ്റ് മലിക് സലീം ലത്വീഫ് സാഹിബിന്റെ ജനാസയാണ് നമസ്കരിപ്പിക്കുന്നത്. ഇദ്ദേഹം മലിക് മുഹമ്മദു ശഫീഅ് സാഹിബിന്റെ മകനാണ്. 70 വയസ്സായിരുന്നു. 2017 മാർച്ച് 30 ന് രാവിലെ ഏകദേശം 9 മണിക്ക് വീട്ടിൽനിന്ന് തന്റെ മകനോടൊപ്പം കച്ചേരിയിലേക്ക് പോകുംവഴി അഹ്മദിയ്യത്തിന്റെ ഒരു ശത്രു വെടിവെച്ച് അദ്ദേഹത്തെ ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ശഹീദിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് നടപ്പിൽ വന്നത് അദ്ദേഹത്തിന്റെ പിതാവായ മുഹമ്മദ് ശഫീഅ് സാഹിബിന്റെ രണ്ടു മാതുലൻമാരായ ഹദ്റത്ത് ഹാഫിള് നബി ബഖ്ശ് സാഹിബ്, ഹദ്റത്ത് ജമാലുദ്ദീൻ സാഹിബ് എന്നിവർ മുഖേനയായിരുന്നു. അവരിരുവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിമാരായിരുന്നു. ഖാദിയാനടുത്തുള്ള ചെക് സഅ്ദുല്ലാ എന്ന സ്ഥലവുമായിട്ടായിരുന്നു അവരുടെ ബന്ധം. ശഹീദിന്റെ പിതാവ് ജന്മനാ അഹ്മദിയായിരുന്നു. വിഭജനത്തിനു മുമ്പേ തന്നെ നങ്കാന സാഹിബിൽ വന്ന് താമസം തുടങ്ങിയതാണ്. ശഹീദ് മർഹൂം 1948-ൽ നങ്കാന സാഹിബിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം നങ്കാന സാഹിബിലായിരുന്നു. ലാഹോറിൽനിന്ന് എൽ എൽ ബി ചെയ്തതിനുശേഷം 1967-ൽ വക്കീൽ എന്ന നിലയിൽ പ്രാക്ടീസ് ചെയ്യാൻ തുടങ്ങി.

ശഹീദ് മർഹൂം തന്റെ മകൻ അഡ്വക്കേറ്റ് ഫർഹാൻ അഹ്മദിനോടൊപ്പം മോട്ടർ സൈക്കിളിൽ രാവിലെ 9 മണിക്ക് കോടതിയിൽ പോകാൻ പുറപ്പെട്ടു. അദ്ദേഹത്തിന്റെ മകനായിരുന്നു മോട്ടർ സൈക്കിൾ ഓടിച്ചിരുന്നത്. അവിടെ ബേരി ബസാർ ജംഗ്ഷന്റെ അടുത്തെത്തിയപ്പോൾ നിറുത്താൻവേണ്ടി ഒരാൾ കൈകാണിച്ചു. വളവു കാരണത്താൽ മോട്ടർ സൈക്കിൾ മുമ്പേതന്നെ വേഗം കുറച്ചാണ് വന്നിരുന്നത്. അതിന്നിടയിൽ കൈകാണിച്ച വ്യക്തി തന്റെ കൈയിലിരുന്ന തോക്കിൽനിന്ന് നിറയൊഴിച്ചു. അത് ശഹീദ് മർഹൂമിന്റെ വലതു വാരിയെല്ലിനുകൊണ്ടു. രണ്ടാമതും തോക്കുനിറച്ച് വീണ്ടും മുതുകിന് നിറയൊഴിച്ചു. ശഹീദ് മർഹൂം മോട്ടർ സൈക്കിളിൽനിന്ന് താഴെ വീണു. ആ സമയം അക്രമി മകന്റെ നേരേയും നിറയൊഴിച്ചുവെങ്കിലും അത് കൊണ്ടില്ല. അതിനുശേഷവും തുടർച്ചയായി നിറയൊഴിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവിടെ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ മകൻ ഉച്ചത്തിൽ കലിമ ചൊല്ലിക്കൊണ്ടിരുന്നു. പക്ഷേ, അടുത്തുനിന്നിരുന്ന ആരും മുന്നോട്ടുവന്ന് തടയാൻ ശ്രമിച്ചില്ല. അവർ തമാശ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. രണ്ടാമതും തോക്കിൽ വെടിയുണ്ട നിറയ്ക്കാനോ നിറയൊഴിക്കാനോ അക്രമിക്കു സാധിച്ചില്ല. അക്രമി ഓടി മറയുകയും ചെയ്തു. അപ്പോൾത്തന്നെ മുറിവേറ്റ അവസ്ഥയിൽ ശഹീദ് മർഹൂം ശഹീദായി കഴിഞ്ഞിരുന്നു.

ശഹീദിന്റെ പിതാവ് വിഭജന സമയത്ത് തഹ്സീൽദാറുടെ റീഡറായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശഹീദ് മർഹൂമിന്റെ പിതാവ് വിഭജനത്തിനുശേഷം ധാരാളം അഹ്മദി കുടുംബങ്ങളെ നങ്കാനയിൽ കൊണ്ടുവന്ന് പാർപിച്ചിരുന്നു. അവരെയെല്ലാം നല്ല നിലയിൽ സഹായിക്കുകയും ചെയ്തിരുന്നു. നങ്കാനയിലെ ഒരു പ്രദേശത്ത് മുഴുവൻ അഹ്മദികളെ പാർപിച്ചു. അതിന്റെ പേരു അഹ്മദിയ്യാ തെരുവ് എന്ന് വെച്ചിരുന്നു. പിന്നീട് 1974-ൽ ജമാഅത്തിന്നെതിരിൽ കലഹം പൊട്ടിപുറപ്പെട്ടപ്പോൾ ശത്രുക്കളുടെ സമ്മർദത്തിനുവഴങ്ങി നിയമം പാസാക്കി ആ തെരുവിന്റെ പേര് ഖദ്ദാഫിസ്ട്രീറ്റെന്ന് വെക്കപ്പെട്ടു. ശഹീദ് മർഹൂമിന് 1977 മുതൽ മുന്നു വർഷമൊഴികെ ശഹാദത്തുവരെ നങ്കാന സാഹിബ് ജമാഅത്തിന്റെ സ്വദ്റായി സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. മർഹൂം നിരവധി സവിശേഷ ഗുണങ്ങളുടെ ഉടമയായിരുന്നു. സൽസ്വഭാവിയും അതിഥി സൽക്കാരപ്രിയനും പ്രത്യേകിച്ചും കേന്ദ്ര അതിഥികളുടെ സേവനത്തിനു പുറമെ സാധുക്കളോടുള്ള സഹതാപഗുണവും സുവ്യക്തമായിരുന്നു. എല്ലാവരേയും സഹായിക്കാൻ എപ്പോഴും തയ്യാറായിരുന്നു. നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുകയും ഖിലാഫത്തിനോടു ആസക്തപരമായ ബന്ധവുമുണ്ടായിരുന്നു. നിർഭയനും ധൈര്യവാനുമായിരുന്നു. ജമാഅത്തംഗങ്ങളോടൊപ്പം അദ്ദേഹത്തിനും കഠിനമായ എതിർപ്പിന്റെ അവസ്ഥകൾ നേരിടേണ്ടിവന്നു. 1989-ൽ അഹ്മദികളുടെ വീടുകൾ അധികവും ശത്രുക്കൾ അഗ്നിക്കിരയാക്കി. കൊള്ളയടിച്ചു. അതിൽ ശഹീദ് മർഹൂമിന്റെ വീടും പെട്ടിരുന്നു. ഈ എതിർപുകളൊക്കെ ഉണ്ടായിട്ടും അദ്ദേഹം എപ്പോഴും ഉറച്ചുനിന്നു. എതിരാളികളെ പുരുഷത്വത്തോടെ നേരിട്ടുകൊണ്ടിരുന്നു. 2010-ൽ തദ്ദേശ മസ്ജിദ് നിർമാണത്തിൽ അദ്ദേഹത്തിന് തികഞ്ഞ നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ശഹീദ് മർഹൂമിന്റെ ഭാര്യയ്ക്കും ദീർഘ കാലം ലജ്നയുടെ സ്വദ്റായിരക്കാൻ ഭാഗ്യം ലഭിച്ചു. കുറച്ചു വർഷം മുമ്പേയാണ് അവർ വഫാത്തായത്. ശഹീദ് മർഹൂമിന്റെ ഭാര്യാപിതാവ് പരേതനായ മലിക് മുഹമ്മദ് ദീൻ സാഹിബായിരുന്നു. അദ്ദേഹത്തിന്റെ പേര് സാഹിവാൽ ജമാഅത്ത് കേസിൽ ചേർത്തിരുന്നു. തടവ് അനുഭവിച്ചു വരുന്നതിന്നിടയിൽ ജയിലിൽ തന്നെ അദ്ദേഹം വഫാത്തായി. ശഹീദ് മർഹൂമിന്റെ സന്തപ്ത കുടുംബത്തിൽ രണ്ട് ആൺമക്കളുണ്ട്. ലാഹോർ സിവിൽ ജഡ്ജിയായ മലിക് മുഹമ്മദ് ഉവയ്സും അഡ്വേക്കേറ്റ് മുഹമ്മദ് ഫർഹാനും. ഇദ്ദേഹം ഇപ്പോൾ അവിടത്തെ ഖുദ്ദാമുൽ അഹ്മദിയ്യാ ഖായിദുമാണ്. ഒരു മകളുണ്ട്, ഡോക്ടർ ഥമറ വഖാർ സാഹിബ. അവർ ലാഹോറിലാണ്. അദ്ദേഹത്തിന് മൂന്ന് സഹോദരന്മാരും മുന്നു സഹോദരിമാരമുണ്ട്. ഒരു സഹോദരൻ മലിക് മുഹമ്മദ് നസീം സാഹിബ് ഇവിടെ ലണ്ടനിലാണ്.ശഹീദ് മർഹൂമിന്റെ പിതാവും ഡോക്ടർ അബ്ദുസ്സലാം സാഹിബിന്റെ മാതാവും തമ്മിൽ ബന്ധമുണ്ട്. ശഹീദ് മർഹൂമിന്റേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും ആഗ്രഹമനുസരിച്ച് അദ്ദേഹത്തിന്റെ ജന്മനാടായ സാഹിവാളിൽത്തന്നെ അദ്ദേഹത്തെ ഖബ്റടക്കി,

അല്ലാഹു ശഹീദിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ കാലടിയിലൂടെ നടക്കാനും നന്മകളിൽ മുൻ കടക്കാനും തൗഫീഖ് നല്കുമാറാകട്ടെ. അഹ്മദിയ്യത്തിന്റെ എതിരാളികളേയും ശത്രുക്കളേയും എത്രയുംവേഗം പിടിക്കുന്നതിനുള്ള സാഹചര്യമൊരുക്കുമാറാകട്ടെ.

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# മജ്‌ലിസ് അൻസ്വാറുല്ലാഹ് ഇജ്തിമാഅ്

**ചാവക്കാട്:** ചാവക്കാട് മജ്‌ലിസ് അൻസ്വാറുല്ലായുടെ പ്രാദേശിക ഇജ്തിമാഅ് അല്ലാഹുവിന്റെ കൃപയാൽ 19-3-2017 ന് ചാവക്കാട് ബയ്ത്തുന്നൂറിൽ നടന്നു. ബദ്ർ മലയാളം പത്രാധിപർ മൗലവി മുഹമ്മദു ഇസ്‌മായീൽ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന തഹജ്ജുദ് നമസ്‌കാരത്തോടെയാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. ഉൽഘാടന സെഷൻ 9.30 ന് ഉമർ സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. അൻസ്വാറുല്ലാഹ് സഈം പി.വി അശ്‌റഫ് സാഹിബ് അധ്യക്ഷനായി. ജമാഅത്ത് സ്വദ്ർ കെ.ടി. ഹംസ സാഹിബ് ഇജ്തിമാ ഉൽഘാടനം ചെയ്തു. 'ആഗോളവിജയവും അൻസ്വാറുല്ലായുടെ പങ്കും' എന്ന വിഷയത്തെ അധികരിച്ച് മൗലവി മുഹമ്മദ് ഇസ്‌മായീൽ സാഹിബ് ആലപ്പുഴ മുഖ്യപ്രഭാഷണം നടത്തി. ളുഹർ അസ്ർ നമസ്‌കാരങ്ങൾക്കുശേഷം നടന്ന തർബിയ്യത്ത് സെഷനിൽ ആത്മസംസ്‌കരണത്തെ സംബന്ധിച്ച് മൗലവി മുഹമ്മദു സലീം സാഹിബ് പ്രസംഗിച്ചു. കെ.ടി.കമാൽ സാഹിബ് അധ്യക്ഷനായിരുന്ന യോഗത്തിൽ ഇബ്‌റാഹീം സാഹിബ് പദ്യാലാപനം ചെയ്തു. മൗലവി മുഹമ്മദ് റാഫി സാഹിബ് നന്ദി പറഞ്ഞു. ദുആയോടെ പരിപാടികൾ സമാപിച്ചു.

# ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

| | |
|---|---|
| *ആദ്യത്തെ ആഴ്ച* | **Carcinosin CM** |
| *രണ്ടാമത്തെ ആഴ്ച* | **Radium Bromide CM** |
| *മൂന്നാമത്തെ ആഴ്ച* | **Carcinosin CM** |
| *നാലാമത്തെ ആഴ്ച* | **Radium Bromide CM** |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്‌മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

AL ISLAM

# ഹദ്‌റത്ത് മസീഹ് മൗഊദ്(അ) സത്യവാനാണെന്നതിന്റെ ഉഗ്രൻ തെളിവ്

വലവ് തഖവ്വല അലയ്നാ ബഅ്ളൽ അഖാവീൽ-ലഅഖദ്നാമിൻഹു ബിൽയമീൻ -ഥുമ്മ ലഖതഅ്നാ മിൻഹുൽവത്തീൻ അവൻ അതായത് നബി നമ്മുടെ പേരിൽ വല്ല വാക്കുകളും കെട്ടിപ്പറഞ്ഞിരുന്നുവെങ്കിൽ നാം അവനെ വലംകൈകൊണ്ടു പിടികൂടുമായിരുന്നു. പിന്നെ അവന്റെ ജീവനാഡി നാം മുറിച്ചു കളയുകയും ചെയ്യുമായിരുന്നു(69:45-47)

അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകരും വാഗദത്ത മഹ്ദിയും മസീഹുമായ ഹദ്‌റത്ത് മിർസാ ഗുലാം അഹ്‌മദ് സാഹിബ് ഖാദിയാനി(അ)ഇസ്‌ലാമിന്റെ സത്യസാക്ഷ്യവും നബി(സ)തിരുമേനിയുമായിട്ടുള്ള തന്റെ ആത്മീയബന്ധവും തെളിയിക്കുന്നതിനായി നിരവധി തവണ, താൻ അല്ലാഹുവിൽനിന്നുള്ള യാളാണെന്ന് അല്ലാഹുവിനെതൊട്ട് ആണയിട്ട് പറഞ്ഞിട്ടുണ്ട്. അത്തരം ഉദ്ധരണികൾ സമാഹരിച്ച് 'ഖുദാ കി ഖസം'എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നു. ആവശ്യമുള്ളവർക്ക് പോസ്റ്റുകാർഡ്/ ഈമെയിൽ മുഖേന താഴെ കാണുന്ന മേൽവിലാസത്തിൽ ബന്ധപ്പെട്ട് സൗജന്യമായി പുസ്തകം കരസ്ഥമാക്കാവുന്നതാണ്.

E-Mail: amjkannur@gmail.com Mob:
Postal Address: Secretary Ahmadiyya Muslim Jamaat, Near S B I,
Kannur Pin: 670001 Kerala, I N D I A

**പേജ് 8ൽ നിന്ന്**

ക്കുന്നു. വെസ്റ്റ് കമ്മീഷൻ ഇന്റർ നാഷണൽ റിലീജിയസ് ഫ്രീഡമിനുവേണ്ടി ഞാൻ നിങ്ങൾക്ക് സമാധാന സന്ദേശം നല്കുകയാണ്. എന്റെ കനഡിയിൻ സുഹൃത്തുക്കളേ! ഞാൻ നിങ്ങളോടു ഹൃദയംഗമമായി പറയാനാഗ്രഹിക്കുന്നത് നിങ്ങളുടെ പ്രധാനമന്ത്രി സിറിയയിൽനിന്നുള്ള അഭയാർഥികൾക്ക് ലളിതവും എന്നാൽ, ശക്തവുമായനിലയിൽ സ്വാഗതം പറഞ്ഞതിൽ എനിക്ക് അങ്ങേയറ്റം സന്തോഷമുണ്ടെന്നാണ്. "നിങ്ങൾക്ക് പുതിയ ഭവനത്തിലേക്ക് സ്വാഗതംതം." ഈ വാക്യത്തിൽ നിന്ന് കനഡയുടെ മൂല്യങ്ങളേയും സർക്കാറിന്റെ യുക്തിപരമായ കർമങ്ങളേയും കുറിച്ച് നല്ലവണ്ണം അറിയാൻ കഴിയുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ നിലയിൽ പ്രത്യേകം പ്രാധാന്യമുൾക്കൊള്ളുന്നതാണ്. കാരണം എന്റെ പിതാവ് നൂറു വർഷം മുമ്പേ അഭയാർഥിയായിക്കൊണ്ട് മൗണ്ട് ലബ്നാനിൽനിന്ന് യാത്ര ചെയ്ത് സിറിയൻ പാസ്പോർട്ടോടുകൂടി കനഡയിൽ പ്രവേശിച്ചതാണ്. അമേരിക്കയിലെ തന്റെ കുടുംബത്തെ കാണാൻ അദ്ദേഹം ശ്രമിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ സിറിയക്കാർക്ക് അമേരിക്കൻ വിസ കിട്ടാൻ കുറച്ചു തടസങ്ങളുണ്ടായിരുന്നു. എന്റെ പിതാവിന് നിയമവിരുദ്ധമായ നിലയിൽ കടലാസൊന്നും കൂടാതെ അമേരിക്കയിൽ പ്രവേശിക്കേണ്ടി വന്നു. 10 വർഷത്തിനുശേഷം 1942-ൽ അദ്ദേഹം അമേരിക്കൻ പൗരത്വം കരസ്ഥമാക്കി. അദ്ദേഹം അമ്മേിക്കൻ പൗരനാണെന്നുള്ള സർട്ടിഫിക്കേറ്റ് ഞാൻ എന്റെ ഓഫീസിൽ തൂക്കിയിട്ടുണ്ട്. അതിനോടൊപ്പം എന്റെ അമേരിക്കൻ അധ്യക്ഷ പദവി അപ്പോയിമെന്റും ഫ്രൈമിൽ ഘടിപ്പിച്ചിട്ടുണ്ട്. ഇതിൽനിന്ന് ഞാൻ അമേരിക്കൻ കമ്മീഷൻ അംഗമാണെന്ന് പ്രകടമാകുന്നു. ഇതാണ് എന്റെ വ്യക്തിപരമായ കഥ. ഇതിന്റെ അടിസ്ഥാനത്തിൽ കനഡയും എന്റെ രാജ്യമാണ്. ഇതിൽനിന്ന് നമ്മൾ എപ്പോഴും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും കനഡയുടെ മൈത്രിയും ജനങ്ങൾക്ക് എല്ലാ വിധത്തിലും അവസരങ്ങളും സ്വാതന്ത്ര്യവും നല്കുന്നതിന്റെ മൂല്യവും സ്ഥാപിതമാകുന്നു. ഈ മൂല്യങ്ങളെല്ലാം നമ്മൾ ആഗ്രഹിക്കുന്നതാണ്. കനഡയിൽ വസിക്കുന്ന നിങ്ങളെല്ലാവരോടുമൊപ്പം ഞങ്ങൾ ഈ മൂല്യങ്ങളെയെല്ലാം ഇഷ്ടപ്പെടുന്നു.

ഖലീഫത്തുൽ മസീഹ്! ഞാൻ ഇന്ന് അങ്ങയുടെ കൂടെയുണ്ടെന്നുള്ളത് അമേരിക്കൻ കമ്മീഷൻ ഇന്റർ നാഷണൽ റിലീജ്യസ് ഫ്രീഡമിന്റെ ഭാഗത്തുനിന്ന് എനിക്കുള്ള പരമമായ ബഹുമതിയാണ്. ജമാഅത്തുമായി ചേർന്ന് സേവനം ചെയ്ത ദീർഘമായ ചരിത്രമാണ് കമ്മീഷനുള്ളത്. നിങ്ങളുടെമേൽ അക്രമങ്ങൾ നടന്നുകൊണ്ടിരുന്നിട്ടും അഹ്‌മദിയ്യാ ജമാഅത്തിന്റെ മറ്റു മർദിതജനവിഭാഗങ്ങളോടുള്ള നല്ല പെരുമാറ്റം വളരെ ആകർഷണീയമാണ്. ലോകത്ത് സഹനശക്തി കുറഞ്ഞു വന്നുകൊണ്ടിരിക്കുന്നു. പക്ഷേ, അഹ്‌മദിയ്യാ ജമാഅത്ത് എന്നിട്ടും സഹിഷ്ണുതയിലും മാനുഷിക മൂല്യങ്ങളിലും ശക്തി ചെലുത്തിക്കൊണ്ടേപോകുന്നു. സ്വന്തം മതത്തിൽ സമാധാനത്തോടും സ്വാതന്ത്ര്യത്തോടും കൂടി കർമങ്ങൾ ചെയ്യുക എന്നത് ഓരോ മനുഷ്യന്റേയും മൗലികാവകാശമാണെന്നും അതിനെ ആദരിക്കേണ്ടതാണെന്നും നിങ്ങളെപ്പോലെ ഞങ്ങളും വിശ്വസിക്കുന്നു. സർക്കാറോ സർക്കാറിന്റെ ഏതെങ്കിലും വ്യക്തിയോ അതിനുവിരുദ്ധം പ്രവർത്തിക്കാതിരിക്കേണ്ടതാണ്. ഈ വ്യക്തമായ സത്യത്തിൽ പ്രവർത്തിക്കുന്നില്ലെന്ന് വേദനയോടെ പറയേണ്ടിവരുന്നു. ഇതുപോലെതന്നെ ഒരു ഭാഗത്ത് മതസ്വാതന്ത്ര്യം മൗലികാവകാശമാണെന്ന് നമ്മൾ സമ്മതിക്കുന്നു. പക്ഷേ, ആ അടിസ്ഥാനപരമായ അവകാശം ആവർത്തിച്ചാവർത്തിച്ച് ധ്വംസിക്കപ്പെടന്നു. ഇത് വേദനാജനകമായ കാര്യമാണ്. ഇതിൽ നമ്മളെല്ലാവരും തെറ്റുകാരാണ്. അതുകൊണ്ട് നമുക്ക് വിനയത്തോടെ പക്ഷേ, ഉത്സുകരായിക്കൊണ്ട് ഈ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതേണ്ടിവരും. നമ്മളിൽ ചിലരുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നുണ്ട്. ഇത് സ്ഥാപിതമായ ഒരു കാര്യമാണ്. ലോകത്ത് ധാരാളമാളുകളെ ഭീഷണിപ്പെടുത്തുന്നു. അവരെ ഭയാനകമായ നിലയിൽ പീഢിപ്പിക്കുന്നത് തങ്ങളുടെ മതാധ്യാപനങ്ങളനുസരിച്ച് അവർ പ്രവർത്തിക്കുന്നു എന്നതുകൊണ്ടാണ്. അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിനേയും വിവിധ രാജ്യങ്ങളിൽ മർദനത്തിന് കുറിമാനമാക്കുന്നുവെന്ന കാര്യം വ്യക്തമാണ്. പാക്കിസ്താനിലെ അഹ്‌മദികൾ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും അഭിവൃദ്ധിക്കുംവേണ്ടി നായകത്വരൂപത്തിൽ നല്ല പങ്കാണ് വഹിച്ചത്. എന്നിട്ടും ആ രാജ്യത്തിന്റെ ഭരണഘടനയും നിയമവും അടിസ്ഥാനപരമായ ഈ കാര്യങ്ങളിൽനിന്ന് അവരെ തടയുന്നു. അവർക്ക് തങ്ങളുടെ ആരാധാനാലയത്തെ മസ്ജിദ് എന്ന് പറയാൻ പാടില്ല. നമസ്‌കാരക്കാരെപ്പോലെ നമസ്‌കരിക്കാൻ പറ്റില്ല. വിശുദ്ധ ഖുർആനിലെ ഏതെങ്കിലും ഭാഗം മറ്റൊരാളെ കേൾപ്പിക്കാൻ സാധിക്കുകയില്ല. തങ്ങളുടെ ഏതെങ്കിലും വിശ്വാസവും പ്രചരിപ്പിക്കാൻ കഴിയില്ല. മസ്ജിദ് നിർമാണത്തിൽനിന്നും സമ്മേളനങ്ങൾ നടത്തുന്നതിൽനിന്നും അഹ്‌മദികളെ തടയുന്നു. തങ്ങളുടെ വോട്ടാവകാശം വിനിയോഗിക്കാനും അനുവാദമില്ല. അഹ്‌മദികളോടും മറ്റു ന്യൂനപക്ഷങ്ങളോടും അതായത് ക്രിസ്ത്യാനികൾ, ഹിന്ദുക്കൾ, ശിയാക്കൾ തുടങ്ങിയവരോടുള്ള അക്രമപരമായ പെരുമാറ്റം അവസാനിപ്പിക്കുന്നതിൽ പാക്കിസ്താൻ പരാജയപ്പെട്ടിരിക്കുകയാണ്. പക്ഷേ, അഹ്‌മദികളോടുള്ള എതിർപ് പാക്കിസ്താനിൽമാത്രം ഒതുങ്ങി നില്ക്കുന്നില്ല. ഈ ജമാഅത്തിന് ഇന്തൊനേഷ്യ,സൗദ്യ അറേബിയ, ഈജിപ്റ്റ് തുടങ്ങി ലോകത്തിലെ വിവിധ രാജ്യങ്ങളിൽ അങ്ങേയറ്റം പ്രയാസങ്ങൾ നേരിടേണ്ടിവരുന്നു. ഈ എതിർപുകളൊക്കെ ഉണ്ടായിട്ടും അഹ്‌മദിയ്യാ ജമാഅത്ത് തങ്ങളുടെ അടിസ്ഥാനപരമായ വിശ്വാസാദർശങ്ങളിൽ ഉറച്ചു നിൽക്കുന്നു. അവർ തങ്ങളുടെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങളെ സഹിക്കുന്നുവെന്ന് മാത്രമല്ല പ്രത്യുത അക്രമങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന മറ്റു ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടുകയും ചെയ്യുന്നു.

ആദരണീയരായ ഖലീഫത്തുൽമസീഹ്! ഞാൻ നിങ്ങൾക്കെല്ലാവർക്കും നിങ്ങൾ മനുഷ്യകുലത്തിനു ചെയ്യുന്ന സേവനത്തിന് ആശംസകളർപിക്കുകയാണ്. ഏതൊന്നിനെ നിങ്ങൾ സുപ്രധാനമെന്ന് മനസ്സിലാക്കുന്നവോ അത്തരം മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതിനും ആശംസകളർപിക്കുന്നു. എങ്ങനെയുള്ളമൂല്യങ്ങളെന്നാൽ, പുരുഷനും സ്ത്രീക്കും സ്വാതന്ത്ര്യം കൈവരണം. അവർ പരസ്പരം വിലമതിക്കുന്നവരും ആദരിക്കപ്പെടുന്നവരുമായിരിക്കണം. അക്രമത്തിന് ഇരയായിക്കൊണ്ടിരിക്കുന്ന ആളുകളുടെ അവകാശങ്ങളിൽ ശ്രദ്ധയുള്ളവരായിരിക്കണം. അവർക്ക് തങ്ങളുടെ മതത്തിൽ അവരാഗ്രഹിക്കുംവിധം കർമം ചെയ്യാനുള്ള അവരുടെ അവകാശങ്ങളെ നമ്മൾ സംരക്ഷിക്കുക.'

അതിനുശേഷം അഹ്‌മദിയ്യാ ഫ്രണ്ട്ഷിപ്പ് അസോസിയേഷന്റെ നേതാവ് ജൂഡി സഗ്രോ(Judy Sgro)ഒരു പ്രസന്റേഷൻ നല്കി. ആദരണീയരായ ഖലീഫത്തുൽമസീഹ്! അസ്സലാമു അലയ്ക്കും. അമീർ സാഹിബ്, പാർലമെന്റംഗങ്ങൾ, നമ്മുടെ ഫ്രണ്ട്ഷിപ്പ് അസോസിയേഷന്റെ പ്രിയങ്കരരായ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രിയപ്പെട്ട സ്നേഹിതരേ! എല്ലാവർക്കും അസ്സലാമു അലയ്ക്കും. ഖലീഫത്തുൽ മസീഹിന്റെ ഇവിടത്തെ സാന്നിദ്ധ്യം നമുക്കെല്ലാവർക്കും അന്തസിന് കാരണമാണ്. ഞാൻ ഇവിടെ വന്നിട്ട് വളരെ സന്തുഷ്ടയാണ്. ഇവിടെ വന്നത് വളരെ നല്ലതായി തോന്നി. നിങ്ങൾക്കറിയുന്നതുപോലെ കനഡയ്ക്ക് വളരെ വലിയ ചരിത്രമാണുള്ളത്. അത് സ്വാതന്ത്ര്യവും ജനാധിപത്യവും മറ്റു രാജ്യങ്ങൾവരെ എത്തിക്കുന്നതിൽ അധിഷ്ഠിതമാണ്. നിങ്ങളുടെ കമ്മ്യൂണിറ്റി അടിസ്ഥാനപരമായി നടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന കാര്യമാണിത്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്. ഈ കാര്യം മനസ്സിൽവച്ചുകൊണ്ട് ഞാൻ ഖലീഫത്തുൽമസീഹിനുവേണ്ടി അവിടന്ന് ഞങ്ങളുടെ അടുത്ത് ഇവിടെ വന്നതിന് ഒരു ചെറിയ സമ്മാനം കൊണ്ടുവന്നിരിക്കുന്നു. അങ്ങയുടെ സുപ്രധാന സന്ദേശത്തിന് വളരെ നന്ദി. അങ്ങ് പാർലമെന്റംഗങ്ങൾക്ക് മാർഗദർശനം നല്കി. എനിക്ക് അത്യധികമായ സന്തോഷമുണ്ട്. ഞാൻ അങ്ങയ്ക്ക് കനഡിയൻ ചാർട്ടർ ഫോർ റൈറ്റ്സ് ആന്റ് ഫ്രീഡമിന്റെ പ്രധാനമന്ത്രി സാഹിബ് ഒപ്പു വെച്ചിട്ടുള്ള ഒരു ഫ്രൈം സമർപിക്കാൻ ആഗ്രഹിക്കുകയാണ്. അങ്ങയ്ക്ക് അത് വളരെ ഇഷ്ടപ്പെടുമെന്ന് എനിക്കറിയാം. പാർലമെന്റേറ്യൻ ഫ്രണ്ട്ഷിപ്പ് ഗ്രൂപ്പിനുവേണ്ടിയാണ് ഞാൻ ഇത് അങ്ങയ്ക്ക് സമർപിർപ്പിക്കാൻ ആഗ്രഹിക്കുന്നത്.(തുടരും)

2016 ഡിസംബർ 15 ബദ്ർ പത്രം

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 04 May 2017 Issue-18

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# കനഡിയൻ പാർലമെന്റിൽ അമീറുൽമുഅ്മിനീന്റെ ആഗമനം; സർ മുഹമ്മദ് സഫ്റുല്ലാഹ് ഖാൻ അവാർഡ് പ്രഖ്യാപനവും വിവിധ പാർലമെന്റംഗങ്ങളുടെ പ്രഭാഷണങ്ങളും

2016 ഒക്ടോബർ 17ന് അമീറുൽ മുഅ്മിനീൻ കനഡ പാർലമെന്റിൽ അതായത് പാർലമെന്റ് ഹില്ലിൽ പോകുകയുണ്ടായി. അവിടെ അമീറുൽ മുഅ്മിനീന് എല്ലാവിധ പ്രൗഢിയോടുംകൂടി ഹൃദ്യമായ സ്വീകരണമാണ് നൽകപ്പെട്ടത്. പാർലമെന്റിൽ വിവിധ സെനറ്റ്(Senate)അംഗങ്ങളും മന്ത്രിമാരും അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. അമീറുൽ മുഅ്മിനീൻ ലോകത്തിന്റെ അവസ്ഥകളേയും സമാധാന സംസ്ഥാപനത്തേയും സംബന്ധിച്ച് പാർലമെന്റിൽ പ്രഭാഷണം നടത്തി. അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം ഉലമാ, രാഷ്ട്രീയനേതാക്കൾ, ജീവിതത്തിലെ വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവർ, തുടങ്ങിയവർക്ക് വളരെ ഇഷ്ടപ്പെട്ടു. അവർ വളരെ നല്ല അഭിപ്രായപ്രകടനങ്ങൾ നടത്തി. അമീറുൽ മുഅ്മിനീന്റെ ആ ദിവസത്തെ പരിപാടികൾ അങ്ങേയറ്റം വിശ്വാസധാർഢ്യം വരുത്തുന്നതായിരുന്നു. അതുകൊണ്ട് വായനക്കാർക്കുവേണ്ടി ആ ദിവസം നടന്ന പരിപാടികളുടെ പൂർണരൂപം തുടർലക്കങ്ങളിൽ ഖണ്ഡശ പ്രസിദ്ധീകരിക്കുന്നതാണ്. (എഡിറ്റർ)

(ഭാഗം 5)

ശേയ്ഖ് അബ്ദുൽഹാദീ സാഹിബിന്റെ വിശുദ്ധ ഖുർആൻ പാരായണത്തോടെ പരിപാടികൾ ആരംഭിച്ചു. തുടർന്ന് അതിന്റെ ഇംഗ്ലീഷ് തർജമയും സമർപിക്കുകയുണ്ടായി.

അതിനുശേഷം ആസിഫ് ഖാൻ സാഹിബ് (സെക്രട്ടറി ഉമൂറെ ഖാരിജ)ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു: ഇന്ന് നമ്മൾ Sir John A Macdonald കെട്ടിടത്തിലാണുള്ളത്. കനഡ സർക്കാറിന് അഹ്മദിയ്യാ ജമാഅത്തിനുവേണ്ടി നമ്മൾ നന്ദി രേഖപ്പെടുത്തകയാണ്. അതിനോടൊപ്പം ഇന്നത്തെ പരിപാടി തയ്യാറാക്കിയ പാർലമെന്റിലെ ഫ്രണ്ട്ഷിപ്പ് അസോസിയേഷന്റെ പ്രസിഡന്റ് ജൂഡി സഗ്രോ(Judy Sgro)ക്കും നന്ദി പറഞ്ഞുകൊള്ളുന്നു. ഞാൻ അഹ്മദിയ്യാ ജമാഅത്തിനുവേണ്ടി ഇന്നിവിടെ സന്നിഹിരായിരിക്കുന്ന മഴുവൻ ആദരണീയരായ അതിഥികൾക്കും- അവരിൽ മന്ത്രിമാരുണ്ട്, പാർലമെന്റംഗങ്ങളുണ്ട്, സെനറ്റർമാരുണ്ട്, വിവിധ രാജ്യങ്ങളിലെ അമ്പാസിഡർമാരുണ്ട്, മതാധ്യക്ഷന്മാരുണ്ട്, മറ്റു വകുപ്പുകളുമായി ബന്ധം വെക്കുന്ന അതിഥികളുമുണ്ട് നന്ദി പറയുകയാണ്.

## സർ മുഹമ്മദ് സഫ്റുല്ലാ ഖാൻ അവാർഡ്

പരിപാടിയുടെ തുടക്കത്തിൽ പൊതുജനസേവനത്തിന് നല്കപ്പെടുന്ന "സർ മുഹമ്മദ് സഫ്റുല്ലാ ഖാൻ അവാർഡ്"പരിപാടി നടക്കുന്നതായിരിക്കും. കഴിഞ്ഞ ആഴ്ച ഇരുപത്തിയാറായിരം ആളുകൾ പങ്കെടുത്ത കനഡ ജൽസസാലാനയുടെ അവസരത്തിൽ പ്രഖ്യാപിച്ചതാണ് ഈ അവാർഡ്.

പൊതുവകുപ്പുകളിലും മനുഷ്യനന്മയ്ക്കും വേണ്ടി അസാധാരണമായ സേവനം കാഴ്ചവെച്ച വ്യക്തികൾക്കാണ് 'സർ മുഹമ്മദ് സഫ്റുല്ലാ ഖാൻ അവാർഡ്" നല്കുന്നത്. സർ സഫ്റുല്ലാഹ് ഖാൻ പാക്കിസ്താന്റെ സ്ഥാപകരിൽ ഒരാളാണ്. പാക്കിസ്താന്റെ തീർപ്പെഴുതിയത് അദ്ദേഹം ആയിരുന്നു. അദ്ദേഹം പാക്കിസ്താന്റെ ആദ്യത്തെ വിദേശകാര്യമന്ത്രിയായിരുന്നു. ഐക്യരാഷ്ട്ര സഭയിൽ പാക്കിസ്താന്റെ പ്രതിനിധിയെന്ന ബഹുമതിയും അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹം 1962 -ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 1970 മുതൽ 1973 വരെ International Court of Justice പ്രസിഡന്റ് എന്ന നിലയിൽ സേവനം ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം ഭൗതികമായ നിലയിൽ വിജയിയായിരുന്നുവെന്ന് മാത്രമല്ല അദ്ദേഹത്തിന് മതപരമായ അറിവുകളിലും കഴിവുണ്ടായിരുന്നു. അദ്ദേഹം ഒരു ആത്മാർഥ അഹ്മദിയായിരുന്നു. ചെറുപ്പംമുതലെ അഹ്മദിയ്യാ ജമാഅത്തിൽ ചേരുകയും അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ കൈയിൽ ബയ്അത്തു ചെയ്യുകയും ചെയ്തു എന്നതിൽ അദ്ദേഹത്തിന് വലിയ അഭിമാനമായിരുന്നു. തന്റെ ജീവിതത്തിൽ അസംഖ്യം വിജയങ്ങൾ കൈവരിച്ചിട്ടും അദ്ദേഹം ലളിതവും വിനയവുമായ ജീവിതമാണ് നയിച്ചത്. അഹ്മദിയ്യാ ജമാഅത്തിന്റെ മറ്റൊരു അതുല്യ പ്രതിഭയായ നോബൽ സമ്മാനം നേടിയ ഡോക്ടർ അബ്ദുസ്സലാം, സർ സഫ്റുല്ലാ ഖാനെ സ്മരിച്ചുകൊണ്ട് പറയുന്നു:'റിട്ടയേർഡായതിനുശേഷം സർ സഫ്റുല്ലാഹ് ഖാൻ തന്റെ സമ്പത്തെല്ലാം ജനക്ഷേമപ്രവർത്തനങ്ങൾക്കായി വഖ്ഫ് ചെയ്തു. അതുകൊണ്ടാണ് സർ സഫറുല്ലാ ഖാൻ സാഹിബിന്റെ പേരിലുള്ള അവാർഡ് ആത്മാർഥതയോടെ സമൂഹത്തിനും മനുഷ്യകുലത്തിനും സേവനം ചെയ്യാനുള്ള വികാരം തിക്കിതിരുകി നിറച്ചിട്ടുള്ള വ്യക്തികൾക്ക് നല്കുന്നത്.

ഈ വർഷം ഏതൊരു വ്യക്തിക്കാണോ അവാർഡ് നല്കപ്പെടുന്നത് ആ വ്യക്തിയുടെ വൈജ്ഞാനികവും മനുഷ്യരോടുള്ള കടമ നിർവഹണവും നോക്കുമ്പോൾ അത് വളരെ സുദീർഘമാണ്. 70 ന്റേയും 80 ന്റേയും ദശകങ്ങളിൽ ഒന്റാറിയോയിലെ സുപ്രീം കോടതയിൽ അദ്ദേഹം നിയമിതനായി. 1987 ൽ ഹൈക്കോർട്ട് ഓഫ് ജസ്റ്റീസിലും 1990-ൽ അപീൽ കോടതിയിലും നിയമിതനായി. 1999-ൽ കനഡ സുപ്രീം കോടതിയിൽ അദ്ദേഹം നിയമിക്കപ്പെട്ടു. ഈ വർഷം സമ്മാനം നേടിയ ഇദ്ദേഹം 27 യൂണിവേഴ്സിറ്റിയിൽനിന്ന് സമ്മാനങ്ങൾ കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യാവകാശങ്ങൾ കരസ്ഥമാക്കാനുള്ള അദ്ദേഹത്തിന്റെ കഠിന പ്രയത്നം തുടരുകയാണ്. 2004-ൽ റിട്ടയേർഡ് ചെയ്തതിനുശേഷം അദ്ദേഹത്തിന്റെ നിയമനം ഐക്യരാഷ്ട്ര സഭയിൽ മനുഷ്യാവകാശ ഹൈകമ്മീഷണർ എന്ന നിലയിലുണ്ടായി. ഒരു നിർഭയനും ധീരനുമായ നേതാവ് എന്ന നിലയിൽ അദ്ദേഹം 2007 മുതൽ 'കമ്പാനിയൻ ഓഫ് ദി ഓർഡർ ഓഫ് കനഡ'യായിരുന്നു. 2016 ലെ സർ സഫ്റുല്ലാ ഖാൻ അവാർഡ് സന്തോഷത്തോടുകൂടി ഓണറബിൾ ലൂയി ആർബറിന് നല്കുകയാണ്.

അതിനുശേഷം അമീറുൽമുഅ്മിനീൻ ബഹമാനപ്പെട്ട ലൂയി ആർബർ സാഹിബാക്ക് ഈ അവാർഡ് സമ്മാനിച്ചു. സമ്മാനം സ്വീകരിച്ചുകൊണ്ട് ലൂയി ആർബർ തന്റെ പ്രഭാഷണത്തിൽ പറഞ്ഞു: ആദരണീയരായ ഖലീഫത്തുൽ മസീഹ്! ബഹുമാന്യരായ അതിഥികളെ! വനിതാ അംഗങ്ങളേ!ഞാൻ കുറച്ചുവാക്കുകളിൽ ഈ അവാർഡ് എനിക്കു ബഹുമതിക്ക് കാരണമാണെന്ന് പറയാനാഗ്രഹിക്കുകയാണ്. മഹാനായ ഇസ്ലാമിക കർമ ശാസ്ത്ര പണ്ഡിതനും വക്കീലും ജഡ്ജിയും വലിയ നയതന്ത്രജ്ഞനുമായ വ്യക്തിയുടെ പേരിലുള്ളതാണ് ഈ അവാർഡ്. ഈ പേരുമായി എന്നെ ബന്ധിപ്പിക്കാൻ കഴിയുന്നുവെന്ന കാര്യം എനിക്ക് കൂടുതൽ ബഹുമതിക്ക് കാരണമാണ്. കാരണം സഫ്റുല്ലാഹ് ഖാൻ ഇന്റർ നാഷണൽ കോർട്ട് ഓഫ് ജസ്റ്റീസിൽ ചീഫ് ജഡ്ജായിരുന്നു. ഞാൻ ആ കോടതിയുടെ ഒരു അംഗമാണ്. ഞാൻ ഇക്കാര്യവും നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. ഞാൻ ഐക്യരാഷ്ട്ര സഭയിൽ മനുഷ്യാവകാശ ഹൈക്കമ്മീഷ്ണറായിരിക്കുമ്പോഴാണ് ആദ്യമായി അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുന്നത്. ജനീവായിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു സംഘവുമായി എന്റെ കൂടിക്കാഴ്ച നടന്നു. ആ സമയം മുതൽ ഈ ദുർഘടമായ അവസ്ഥകളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സമാധാനത്തിനുവേണ്ടിയുള്ള യജ്ഞങ്ങളിൽ ഞാൻ ആകർഷിതയാണ്. നിങ്ങൾക്ക് ഇന്നത്തെ വളരെ മനോഹരമായ സായംസന്ധ്യ മംഗളകരമായിരിക്കട്ടെ.

അതിനുശേഷം മിനിസ്റ്റർ ഓഫ് സയൻസ് ക്രിസ്റ്റി ഡങ്കൺ പ്രസംഗിച്ചു. അദ്ദേഹം പറഞ്ഞു: ആദരണീയരായ ഖലീഫത്തുൽ മസീഹ്! സർക്കാറിന്റെ പാർലമെന്റംഗങ്ങൾ! സെനറ്റർ! പ്രമുഖവ്യക്തികളേ! ബഹുമാന്യ അതിഥികളേ! സുഹൃത്തുക്കളേ! ഞാൻ നിങ്ങൾക്കെല്ലാവർക്കും സമാധാനവും സ്വാഗതവും നേരുകയാണ്. അസ്സലാമു അലയ്ക്കും. എന്റെ പേര് ക്രിസ്റ്റി ഡങ്കൺ എന്നാണ്. ഇന്ന് ഞാൻ നിങ്ങളെ കണ്ട് വളരെ സന്തോഷിക്കുന്നു.

ഇന്ന് ഇവിടെ ഖലീഫത്തുൽമസീഹിന്റെ അടുത്തുണ്ടാകുക എന്നത് അങ്ങേയറ്റം സൗഭാഗ്യമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാമത്തെ ഖലീഫയും നേതാവും പാർലമെന്റിൽ ആഗതരായിരിക്കുന്നു. പാർലമെന്റ് ഹില്ലിലെ എല്ലാ അംഗങ്ങളും ഇന്ന് ഖലീഫത്തുൽമസീഹിനോടൊപ്പം അദ്ദേഹത്തിന്റെ സന്തോഷത്തിൽ പങ്കുകൊള്ളാനും തങ്ങളുടെ പിന്തുണ പ്രകടിപ്പിക്കാനും വന്നിരിക്കുകയാണ്. കനഡയുടെ തനിമ മൾട്ടിക്കൾച്ചരിസമാണ്. നമ്മുടെ രാജ്യം വിവിധ വർണക്കാരും വംശക്കാരുമായ ആളുകൾ കാരണത്താൽ സ്ഥാപിതമായതാണ്. നിങ്ങൾ എനിക്ക് എന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം നല്കുമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ തവണ ഞാൻ അഹ്മദിയ്യാ ജമാഅത്തിനോടൊപ്പം Thanks Givingന്റെ അവസരത്തിലായിരുന്നു. അത് ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും നന്ദി പറയുന്ന നേരമായിരുന്നു. ഖലീഫത്തുൽമസീഹിന്റെ പര്യടനത്തിൽ അങ്ങേയറ്റം നന്ദിയുള്ളവരാണെന്നത് ഇവിടത്തെ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സന്ദേശമാണ്. ഖലീഫത്തുൽ മസീഹിന്റെ കനഡ പര്യടനം അവർ അക്ഷമയോടെ കാത്തിരിക്കുകയായിരുന്നു. കനഡയിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് വിവിധ മാർഗങ്ങളിലൂടെ മനുഷ്യകുലത്തിന് സേവനം ചെയ്തുകൊണ്ടിരിക്കുന്നു. ബഹുമാന്യനായ മലിക് ലാൽ ഖാൻ സാഹിബിനോടൊപ്പം വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലായാലും വേണ്ടില്ല, ആശുപത്രികൾക്കായി പണം സ്വരൂപിക്കുന്നതിലായാലും വേണ്ടില്ല, പാക്കിസ്താനിലെ പ്രളയബാധിതർക്കായി സംഭാവന പിരിക്കുന്നതിനായാലും വേണ്ടില്ല. എല്ലാ അവസരങ്ങളിലും അഹ്മദിയ്യാ ജമാഅത്ത് 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന തങ്ങളുടെ മുദ്രാവാക്യം ഉയർത്തിപിടിക്കുന്നു. Fort McMurray അപകടത്തിൽ നിങ്ങൾ ആയിരക്കണക്കിന് ഡോളർ ആ ദുരന്തബാധിതരായ കുടുംബങ്ങൾക്കു നല്കി. ഇപ്രകാരം നിങ്ങൾ എപ്പോഴും മനുഷ്യകുലത്തിന് സേവനം ചെയ്തുകൊണ്ടിരിക്കുന്നു. ചിലപ്പോൾ മില്യൺക്കണക്കിന് ഭക്ഷണ പദാർഥങ്ങൾ സ്വരൂപിച്ച് അല്ലെങ്കിൽ വിവിധ കുടുംബക്കാർക്കും അഭയാർഥികൾക്കും താമസസൗകര്യം ഒരുക്കിക്കൊണ്ട്. ഞങ്ങൾ നിങ്ങളുടെ ശ്രമങ്ങൾക്ക് ഹൃദയംഗമമായി നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളുടെ സ്നേഹവും അതിഥിസൽക്കാരവും മാനവസേവയും നിത്യവും എന്റെ ഓഫീസിൽ ഇരുന്ന് കാണാനുള്ള ഭാഗ്യം എനിക്കുണ്ട്. അഹ്മദിയ്യാ ജമാഅത്തുമായി ബന്ധമുള്ള ത്വാഹിറ ശഫ്ഖത്ത് എന്ന യുവതി എന്റെ ഓഫീസിൽ നല്ലവണ്ണം പണിയെടുക്കുന്നുണ്ട്. അവർ ആളുകളെ സേവിക്കാൻ കഠിനമായി ശക്തി ചെലുത്തുന്നു. ഞാൻ പ്രതീക്ഷിക്കുന്നത് ധാരാളമാളുകൾ നിങ്ങളുടെ ഈ മാതൃകകളിൽ ആകർഷിതരായി അത്തരം സേവനങ്ങൾ ചെയ്യുമെന്നാണ്. ഖലീഫത്തുൽമസീഹിന്റെ സുഖകരമായ മടക്കത്തിന് പ്രാർഥിക്കുന്നു. നന്ദി.

അതിനുശേഷം കമ്മീഷണർ ഡോക്ടർ ജയിംസ് സോഗ്ബി(ഇദ്ദേഹത്തിന്റെ ബന്ധം അമേരിക്കയിലെ ഇന്റർ നാഷണൽ റിലീജിയസ് ഫ്രീഡം സ്ഥാപനവുമായിട്ടാണ്) തന്റെ പ്രസംഗത്തിൽ പറഞ്ഞു: ആദരണീയരായ ഖലീഫത്തുൽ മസീഹ്! പാർലമെന്റംഗങ്ങൾ! ബഹുമാന്യരായ അതിഥികളേ! ഞാൻ ഇന്ന് ഇവിടെ നിങ്ങളോടൊപ്പമുള്ളതിൽ അതിയായി സന്തോഷി

(ശേഷം പേജ് 7ൽ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin